JESUS REDEEMS MINISTRIES

# യുവജനലോകം

ജൂൺ 2024



നിങ്ങൾക്ക് ലഭിക്കുന്ന സമയം
പ്രയോജനപ്പെടുത്തിയാൽ

# തടസ്സങ്ങൾ
# തരണം ചെയ്യാം!

# ആമുഖം



# തടസ്സങ്ങൾ തരണം ചെയ്യാം!

**പ്രിയപ്പെട്ട യൗവനക്കാരെ! യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹാശംസകൾ! നിങ്ങൾ അവധിക്കാലം സന്തോഷമായി ആസ്വദിച്ചുവോ? അവധി കഴിഞ്ഞ് സ്കൂൾ/ കോളേജിലേക്ക് പോകാൻ നിങ്ങൾ തയ്യാറാണോ? അടുത്ത അദ്ധ്യായന വർഷത്തിലേക്ക് ചുവടുവയ്ക്കുന്ന നിങ്ങൾക്കെല്ലാവർക്കും വേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു. കർത്താവ് നിങ്ങളോടുകൂടെ ഇരുന്ന് വഴിനടത്തും.**
**ഈ മാസം "തടസ്സങ്ങൾ മറികടക്കാം" എന്ന വിഷയത്തിൽ ധാരാളം കാര്യങ്ങൾ നാം നോക്കുവാൻ പോകുന്നു.**

## "തകർക്കുന്നവൻ അവർക്കു മുമ്പായി പുറപ്പെടുന്നു!"

ഇന്നും ചരിത്രനേട്ടം ലക്ഷ്യമാക്കി, പലരും മുന്നേറുമ്പോൾ ചില പ്രതികൂലങ്ങൾ നേരിടുന്നതുനിമിത്തം തളർന്നു പോകുന്നു. തങ്ങൾക്ക് ഒരു പ്രശ്നവും ഉണ്ടാകരുത് എന്നാണ് പലരും എപ്പോഴും ചിന്തിക്കുന്നത്. അതുപോലെ ജ്യോതിയും തന്റെ ജീവിതത്തിൽ പല പ്രതികൂലങ്ങൾ നേരിട്ടപ്പോൾ, പുരോഗതി കൈവരിക്കാൻ കഴിയാതെ നിസ്സഹായയായിരുന്നു. എന്നാൽ ദാരിദ്ര്യം എന്ന ഇരുട്ട് അവളെയും അവളുടെ കഴിവിനെയും മൂടാതിരിക്കുവാൻ അവൾ പ്രതിബന്ധങ്ങൾ മറികടന്നു. ഹാൻഡ് ലിങ്ങിൽ നിരവധി നേട്ടങ്ങൾ കൈവരിച്ച്, 9 മാസത്തിനുള്ളിൽ 9 തവണ ദേശീയ റെക്കോർഡ് തകർത്ത്, ഇന്ത്യയിലെ എല്ലാവരുടെയും പ്രശംസ പിടിച്ചുപറ്റിയ വ്യക്തിയാണ് ജ്യോതി. 2024 ലെ പാരീസ് ഒളിമ്പിക്സിൽ ജ്യോതി സ്വർണ്ണം നേടുമെന്നാണ് ഇന്ത്യയുടെ പ്രതീക്ഷ.

യൗവനക്കാരെ! ഇന്ന് നിങ്ങളുടെ ജീവിതത്തിലും നിരവധി തടസ്സങ്ങളും നിരാശയും ഉണ്ടാക്കി നിങ്ങളെ തളർത്തുവാനും, നശിപ്പിക്കുവാനും നോക്കിയാലും, നിങ്ങൾക്കൊപ്പം നിന്ന് നിങ്ങൾക്കുവേണ്ടി യുദ്ധം ചെയ്യുന്ന ഒരാളുണ്ട്. നിങ്ങളുടെ തടസ്സങ്ങൾ നിങ്ങൾക്ക് മലകൾ പോലെ തോന്നിയേക്കാം. എന്നാൽ നിങ്ങളോടുകൂടെയുള്ള കർത്താവ്, തടസ്സങ്ങൾ നീക്കി നിങ്ങൾക്കു മുമ്പായി നടന്നുപോകുന്നു. അതുകൊണ്ട് നിങ്ങൾ കർത്താവിൽ ആശ്രയിക്കുമ്പോൾ കർത്താവ് നിങ്ങൾക്കുവേണ്ടി മധ്യസ്ഥത വഹിക്കുകയും, യുദ്ധം ചെയ്ത്, തടസ്സങ്ങൾ നീക്കുകയും ചെയ്യും.

- കർത്താവ് വിശാലമായ ചെങ്കടൽ പിളർന്നു!
- ഒഴുകുന്ന യോർദ്ദാൻ നദി തടഞ്ഞു!
- ശക്തമായ യെരിഹോ മതിൽ തകർത്തു!
- പാറ പിളർന്ന് വെള്ളം നൽകി!



അങ്ങനെയുള്ള അത്ഭുതങ്ങൾ ചെയ്ത കർത്താവ്, നിങ്ങളുടെ ജീവിതത്തിലും നിങ്ങളെ എഴുന്നേൽപ്പിച്ച് ഓടുമാറാക്കും. ഉണർവിന്റെ ശുശ്രൂഷകളിൽ കർത്താവ് നിങ്ങളെ മുൻ നിരയിൽ കൊണ്ടുവരും.

നിന്റെ ബലഹീനതയിൽ കർത്താവ് പ്രവർത്തിക്കും, കർത്താവിന്റെ കരം നിങ്ങളെ വിട്ടുമാറുകയില്ല, മലകൾ നീക്കുന്നവൻ നിങ്ങളോടുകൂടെ ഉണ്ട്. കർത്താവ് നിങ്ങളിലൂടെ ചിന്തയ്ക്കതീതമായ കാര്യങ്ങൾ ചെയ്യും. ദൈവകൃപ നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ!

**ക്രിസ്തുവിന്റെ വേലയിൽ**
**മോഹൻ സി. ലാസറസ്**





# മുത്തുച്ചിപ്പി

# ഗായൊാസ്

യുവജനങ്ങൾക്ക് എന്റെ ആശംസകൾ, ഈ മാസം മുത്തുച്ചിപ്പി എന്ന പംക്തിയിലൂടെ നാം കാണുവാൻ പോകുന്ന വ്യക്തിയാണ് ഗായൊാസ്. പുതിയ നിയമത്തിൽ ഗായൊാസ് എന്ന് പേരുള്ള ധാരാളം പേരുണ്ട്. എന്നാൽ നമ്മൾ ഇന്ന് കാണുവാൻ പോകുന്നത് 3 യോഹന്നാനിൽ കാണപ്പെടുന്ന ഗായൊാസിനെയാണ്. 3 യോഹന്നാനിൽ, 'പ്രിയ ഗായൊാസിന്' എന്നാണ് യോഹന്നാൻ തന്റെ കത്ത് ആരംഭിക്കുന്നത്. യോഹന്നാൻ ഗായൊാസിനെ "പ്രിയനേ, നിന്റെ ആത്മാവ് ശുഭമായിരിക്കുന്നതുപോലെ നീ സകലത്തിലും ശുഭമായും സുഖമായും ഇരിക്കേണം എന്നു ഞാൻ പ്രാർത്ഥിക്കുന്നു" (3 യോഹ. 2) എന്ന് അഭിസംബോധന ചെയ്യുന്നു. യോഹന്നാൻ ഗായൊാസിനെക്കുറിച്ച് പറയുമ്പോൾ, 'സത്യത്തിൽ നടക്കുന്നവൻ', 'വിശ്വസ്തൻ' എന്ന് അവനെക്കുറിച്ച് പരാമർശിച്ചിരിക്കുന്നു. ഗായൊാസ് തന്റെ സഹോദരന്മാരോട് മാത്രമല്ല അപരിചിതരോടും വിശ്വസ്തനായിരുന്നു, വിശ്വസ്തനായിരിക്കുക മാത്രമല്ല, അവരെ സൽക്കരിക്കുകയും ചെയ്തിരുന്നു.

ഗായൊാസിന് നന്ദി പറയുവാൻ വേണ്ടിയല്ല, ഒരു പ്രധാനപ്പെട്ട പ്രശ്നം കൈകാര്യം ചെയ്യുവാനാണ് യോഹന്നാൻ ഈ കത്ത് എഴുതിയത്. ഗായൊാസിനെക്കുറിച്ച് നമുക്കറിയാത്ത ധാരാളം കാര്യങ്ങളുണ്ട്. എന്നാൽ അദ്ദേഹത്തിന്റെ ജീവിതത്തെക്കുറിച്ച് ഈ കത്തിൽ പറഞ്ഞിരിക്കുന്ന ചില കാര്യങ്ങൾ പലതും നമ്മെ പഠിപ്പിക്കുന്നു.

ഗായൊാസിൽ കാണപ്പെട്ട ഏറ്റവും വലിയ ശക്തി സത്യത്തിൽ നടക്കുന്നതാണ്. അന്ന് പല പ്രബോധനങ്ങൾ കാണപ്പെട്ടിരുന്നിട്ടും സത്യത്തെ നിഷേധിക്കാതെ സത്യത്തിൽ ഉറച്ചുനിന്നു. കൂടാതെ ശുശ്രൂഷകരെ സൽക്കരിക്കുവാൻ മറക്കാത്ത വ്യക്തി. അദ്ദേഹത്തെക്കുറിച്ചുള്ള ഈ രണ്ട് ഗുണങ്ങളും അറിയുവാൻ ഈ ലേഖനം സഹായിച്ചു. എല്ലാവരാലും ബഹുമാനിക്കപ്പെട്ടവൻ! യോഹന്നാന് ഒരു മകനായിരുന്നവൻ! അപ്പൊസ്തലനായ യോഹന്നാൻ എഴുതിയ 3 യോഹന്നാൻ ഒരു ചെറിയ ലേഖനമാണെങ്കിലും അതിൽ പറഞ്ഞിരിക്കുന്ന ഗായൊാസിന്റെ ജീവിതം ക്രൈസ്തവർക്ക് വളരെ ഉപയോഗപ്രദമാണ്.

**പ്രിയ യൗവനക്കാരെ, ഗായൊാസിനെപ്പോലെ വിശ്വസ്തരായിരിക്കുവിൻ, സത്യത്തിൽ ഉറച്ചു നിൽക്കുവിൻ.**

# കുടുംബം രക്ഷ പ്രാപിക്കുന്നത്

# ദൈവഹിതം







ഹായ്, എന്റെ പേര് ഉർവ്വശി. മറ്റു കുട്ടികളെപ്പോലെ സന്തോഷകരമായ ഒരു കുട്ടിക്കാലം എനിക്ക് ലഭിച്ചിരുന്നില്ല. എനിക്ക് അമ്മയില്ല. എനിക്ക് ഒരു ചേട്ടനും ഒരു അനുജനും ഉണ്ട്. എന്റെ അച്ഛൻ മദ്യപാനിയാണ്. ഞാൻ സന്തോഷത്തോടെ ചിരിച്ച് സംസാരിക്കുന്നതോ, മറ്റു കൂട്ടുകാരികളോടുകൂടെ കളിക്കുന്നതോ അച്ഛന് ഇഷ്ടമല്ല.

എങ്കിലും, ഞാൻ കോളേജിൽ ഒന്നാം വർഷം പഠിക്കുമ്പോൾ, യേശുവിനെക്കുറിച്ച് കേൾക്കുകയും യേശുവിനെ എന്റെ സ്വന്തരക്ഷകനായി സ്വീകരിക്കുകയും ചെയ്തു. അന്നുമുതൽ എന്റെ ജീവിതത്തിൽ പോരാട്ടങ്ങൾ ആരംഭിച്ചു. ഞാൻ യേശുവിനെ സ്വീകരിച്ചതുകൊണ്ട് എന്റെ പിതാവ് എന്റെ ജീവിതം അവസാനിപ്പിക്കുവാൻ തീരുമാനിച്ചു.

എന്റെ ജേഷ്ഠന് പിതാവ് എല്ലാ ദിവസവും മദ്യം വാങ്ങിക്കൊടുക്കുമായിരുന്നു. രണ്ടുപേരും മദ്യപിച്ച് എന്നെ വളരെ ക്രൂരമായി മർദ്ദിക്കും. അവർ ദിനവും എന്നെ വേദനിപ്പിക്കുമായിരുന്നു. എല്ലാ ദിവസവും മുഖത്തും കൈകളിലും



മുറിവുകളോടുകൂടെയാണ് ഞാൻ കോളേജിൽ പോകുന്നത്. എല്ലാവരും എന്നെ കളിയാക്കി ചിരിക്കും. ഇങ്ങനെ ദിവസങ്ങളും മാസങ്ങളും കടന്നുപോയി. ദിവസവും അടിയും ചവിട്ടും ഏറ്റ് ദേഹമാസകലം മുറിവേൽക്കുകയും മാനസികമായി തളരുകയും ചെയ്തു.

എന്നാൽ ഇതൊന്നും യേശുവിനോടുള്ള സ്നേഹത്തിൽ നിന്നും എന്നെ അകറ്റിയില്ല, ഞാൻ വീട്ടിൽ നിന്ന് പുറത്തിറങ്ങാതെ ക്രൈസ്തവ ജീവിതം നയിക്കുകയാണെന്ന് മനസ്സിലാക്കിയ എന്റെ പിതാവ്, എന്നെ പുറത്താക്കാൻ മറ്റ്



പുതിയ രീതി ഉപയോഗിച്ചു. എന്റെ പിതാവും സഹോദരനും മദ്യപിച്ച് വളരെ ക്രൂരമായി എന്നെ മർദ്ദിക്കും. എന്നിട്ട് അവർ അയൽപക്കത്തുള്ളവരെ വിളിച്ച്, ഇവൾ ഒരു വ്യഭിചാരിയാണ്, വ്യഭിചാരത്തിൽ ഏർപ്പെട്ടിരുന്നു എന്ന് അവരോട് പറഞ്ഞ് എന്നെ മോശക്കാരിയാക്കുമായിരുന്നു. ആ വേദന വിവരിക്കുവാൻ വാക്കുകളില്ല. ഞാൻ വളരെ വിഷമത്തിലായിരുന്നു.



എന്റെ കുടുംബം മുഴുവനും അവിശ്വാസികളായിരുന്ന സാഹചര്യത്തിൽ ഞാൻ മാത്രം യേശുവിനെ സ്വന്തരക്ഷിതാവായി സ്വീകരിച്ചതുകൊണ്ട് കുടുംബത്തിന്റെ അന്തസ്സ്



കുറയുമെന്ന് ചിന്തിച്ച് എന്നെ വീട്ടിൽ നിന്ന് പുറത്താക്കാൻ എന്റെ പിതാവും സഹോദരനും കഴിയുന്നതെല്ലാം ചെയ്തു. എന്റെ അനുജൻ മാത്രമാണ് എന്നോട് സഹതപിക്കുകയും പിന്തുണക്കുകയും ചെയ്തത്. പിതാവിന്റെ വാക്കുകൾ എല്ലാവരും വിശ്വസിച്ചു. ഞാനും എന്റെ സഹോദരനും പറയുന്ന വാക്കുകൾ ആരും കേൾക്കുകയോ വിശ്വസിക്കുകയോ ചെയ്തില്ല.

ഇങ്ങനെ സാഹചര്യങ്ങൾ എല്ലാം പ്രതികൂലമായിരുന്നെങ്കിലും, പ്രതീക്ഷ കൈവിടാതെ ഞങ്ങൾ പ്രാർത്ഥന തുടർന്നു.

എന്നാൽ ഒരു ദിവസം എന്റെ പിതാവും ജേഷ്ഠനും എന്നെ മണിക്കൂറുകളോളം മർദ്ദിക്കുകയും, അർദ്ധരാത്രി 12 മണിയോടെ അടുത്തുള്ള പോലീസ് സ്റ്റേഷനിൽ വളരെ മോശമായ അവസ്ഥയിൽ കൊണ്ടുവിടുകയും, 'ഇവൾ ഒരു വ്യഭിചാരിയാണ്, ഇവളെ ഇവിടെ നിർത്തുക, അവളെക്കൊണ്ട് നിങ്ങൾ ആഗ്രഹിക്കുന്നതെന്തും ചെയ്യുവിൻ' എന്ന് പറഞ്ഞ് എന്റെ പിതാവ് എന്നെ പോലീസ് സ്റ്റേഷനിൽ ഒറ്റയ്ക്ക് വിട്ടിട്ട് പോയി. എന്റെ പിതാവ് എന്നോട് മോശമായി പെരുമാറുന്നത് കണ്ട് ഞാൻ ആകെ

> “ എന്നാൽ ഇതൊന്നും യേശുവിനോടുള്ള എന്റെ സ്നേഹത്തെ ബാധിച്ചില്ല ”

> “ പ്രതീക്ഷ കൈവിടാതെ ഞങ്ങൾ പ്രാർത്ഥന തുടർന്നു. ”

തകർന്നുപോയി. എന്റെ ഹൃദയം വല്ലാതെ ക്ഷീണിച്ചു. യേശു എന്റെ ജീവിതത്തിൽ ഉണ്ടായിരുന്നതിനാൽ, ഞാൻ കർത്താവിനുവേണ്ടി ധാരാളം അടിയും ചവിട്ടും നിന്ദയും സഹിച്ചു. പക്ഷേ, പോലീസ് സ്റ്റേഷനിൽ തനിച്ചായപ്പോൾ മുമ്പുണ്ടായിരുന്ന ആത്മവിശ്വാസവും ധൈര്യവും ഇല്ലായിരുന്നു. എന്റെ ഹൃദയം പിടഞ്ഞു. എന്നാൽ കർത്താവിലുള്ള വിശ്വാസം മാത്രം കുറഞ്ഞില്ല. എന്റെ ജീവിതത്തെക്കുറിച്ച് കർത്താവിന് മനോഹരമായ ഒരു പദ്ധതിയുണ്ടെന്ന് എനിക്കറിയാമായിരുന്നു.





അർദ്ധരാത്രിയിൽ എന്റെ അനുജൻ പോലീസ് സ്റ്റേഷനിലേക്ക് ഓടി വന്ന് അവിടെയുണ്ടായിരുന്ന നിരവധി ആളുകളെ സഹായത്തിനായി വിളിച്ചു. ആരും സഹായിക്കാൻ മുന്നോട്ടുവന്നില്ല. എന്റെ സഹോദരി ഒന്നും ചെയ്തിട്ടില്ല, അവൾ വ്യഭിചാരിയല്ല. അവൾ ഒരു സ്കൂളിൽ അദ്ധ്യാപികയായി ജോലി ചെയ്യുന്നു എന്ന് അവൻ പോലീസുകാരോട് വിശദീകരിച്ചിട്ടും, ആരും വിശ്വസിച്ചില്ല. ആ സമയത്തിൽ എന്തിനാണ് നമ്മൾ യേശുവിനുവേണ്ടി ഇത്രയും വലിയ വില കൊടുക്കുന്നത് എന്ന് ചിന്തിച്ചു. പോലീസ് സ്റ്റേഷനിൽ നിന്ന് പുറത്തുവന്നശേഷം ഞങ്ങൾ പരിചയക്കാരുടെ വീട്ടിൽ അഭയം പ്രാപിച്ചു. ഈ സാഹചര്യത്തിൽ, ഒരു ദിവസം എന്റെ സഹോദരൻ, ഞാൻ വിവാഹം കഴിച്ചാൽ സ്ഥിരമായി താമസിക്കുവാൻ ഒരു വീടും, എന്നെ പരിപാലിക്കാൻ ഒരു ഭർത്താവും ഉണ്ടാകുമെന്ന് കരുതി, എന്നെ വിവാഹം കഴിപ്പിക്കാൻ ആഗ്രഹിച്ചു. എന്നാൽ വചനത്തിന് വിരോധമായ



മറ്റൊരു മതത്തിൽപ്പെട്ട ഒരാളെ വിവാഹം കഴിക്കാൻ എനിക്ക് താൽപര്യമില്ല. അതേസമയം, ക്രൈസ്തവരായ യൗവനക്കാരെ എനിക്ക് അറിയില്ല. സാഹചര്യങ്ങൾ ഞാൻ ചിന്തിച്ചതുപോലെ വന്നില്ല. അങ്ങനെ എന്നെയും എന്റെ കുടുംബത്തെയും നന്നായി അറിയുന്ന, എന്റെ അനുജന്റെ സുഹൃത്ത് എന്നെ വിവാഹം കഴിക്കാൻ തയാറായി.

വിവാഹത്തിന്റെ ആദ്യ ദിവസം ഞാൻ അദ്ദേഹത്തോട് യേശുവിനെക്കുറിച്ച് പറഞ്ഞു. അദ്ദേഹം യേശുവിനെ സ്വീകരിച്ചു. ഞങ്ങൾ രണ്ടുപേരും ഭാര്യാ ഭർത്താക്കന്മാരായി ഒരുമിച്ച് പള്ളിയിൽ പോയി യേശുവിനെ ആരാധിച്ചു. യേശുവിന്റെ സ്നേഹം തിരിച്ചറിഞ്ഞ എന്റെ ഭർത്താവ് എന്റെ സഹോദരനോട് യേശുവിനെക്കുറിച്ച് പറഞ്ഞു. കുറച്ച് ദിവസങ്ങൾക്ക് ശേഷം എന്റെ സഹോദരനും യേശുവിനെ തന്റെ സ്വന്ത രക്ഷകനായി സ്വീകരിച്ചു. വർഷങ്ങളായി ഞാൻ പ്രാർത്ഥിച്ച പ്രാർത്ഥനയ്ക്ക് കർത്താവ് ഉത്തരം നൽകി.

അതിനുശേഷം എന്റെ ഭർത്താവും സഹോദരനും ചേർന്ന് എന്റെ പിതാവിനോട് സുവിശേഷം പറഞ്ഞു. എന്തൊരു അത്ഭുതം! പിതാവും ഹൃദയം തുറന്ന് യേശുവിനെ തന്റെ സ്വന്ത രക്ഷകനായി സ്വീകരിച്ചു. കർത്താവ് എന്റെ കണ്ണുനീരിന് മറുപടി നൽകി. പറഞ്ഞറിയിക്കാൻ പറ്റാത്ത സന്തോഷം കർത്താവ് എന്റെ ഉള്ളിൽ നിറച്ച ദിവസം. ഇപ്പോൾ അച്ഛൻ മദ്യപാനം ഉപേക്ഷിച്ച് ശുശ്രൂഷ ചെയ്യുന്നു. എന്റെ ജീവിതത്തിലെ ഏറ്റവും വലിയ അത്ഭുതമായി ഞാൻ അതിനെ കണക്കാക്കുന്നു. കാരണം, ക്രിസ്ത്യാനി ആയതിന് എന്നെ തല്ലുകയും പീഡിപ്പിക്കുകയും ചെയ്ത അച്ഛൻ ഇന്ന് ക്രിസ്തുവിനെ സ്വീകരിച്ച് കർത്താവിനുവേണ്ടി ശുശ്രൂഷ ചെയ്യുമെന്ന് ഞാൻ സ്വപ്നത്തിൽ പോലും കരുതിയില്ല. എന്നാൽ കർത്താവ് ആ വലിയ അത്ഭുതം എന്റെ ജീവിതത്തിൽ ചെയ്തു. എന്നെ ഒരു ഉപകരണമാക്കി എന്റെ കുടുംബത്തെ രക്ഷിച്ച കർത്താവിന് ഞാൻ എല്ലാ മഹത്വവും നൽകുന്നു.



**ഇത് വായിക്കുന്ന യൗവനക്കാരെ, യേശുവിനുവേണ്ടി തീക്ഷ്ണതയോടെ നിലനിന്നതുകൊണ്ട് ഉർവ്വശിക്ക് നിരവധി കഷ്ടപ്പാടുകളും അപമാനങ്ങളും നേരിടേണ്ടിവന്നു. കൈവിടപ്പെട്ട അവസ്ഥയിൽ യേശുവും കൂടെ തന്റെ പ്രാർത്ഥനയ്ക്ക് ഉത്തരം നൽകാതെ നിശബ്ദത പാലിച്ചതുപോലെ അവൾക്ക് തോന്നി. ഒരുപക്ഷേ നിങ്ങളും വർഷങ്ങളായി യേശുവിനുവേണ്ടി കഷ്ടം അനുഭവിക്കുകയും നിങ്ങളുടെ കുടുംബത്തിന്റെ രക്ഷയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്തിട്ടുണ്ടാകും. പ്രാർത്ഥിച്ച് മടുത്തിട്ടുണ്ടാകും. നിങ്ങളുടെ കാത്തിരിപ്പിന്റെ ഫലം നിങ്ങൾ ഉടൻ കാണും. വിശ്വാസം കാത്തുസൂക്ഷിക്കുക. തുടർന്ന് പ്രാർത്ഥിക്കുവിൻ. താമസിക്കാതെ നിങ്ങൾ അത്ഭുതം കാണും.**







# അനന്തമായ യാത്ര





**പ്രിയ യുവ വിജയികൾക്ക് എന്റെ ഹൃദയം നിറഞ്ഞ ആശംസകൾ. ഈ ലോകത്തിൽ ജനിക്കുന്ന ഓരോ മനുഷ്യനും പ്രത്യേകമായ കഴിവുകളുണ്ട്. ആ കഴിവുകൾ ഉള്ളിൽ മറച്ചു വയ്ക്കാതെ എല്ലാ ദിവസവും അതിനെ ശക്തിപ്പെടുത്തികൊണ്ടിരിക്കണം. നമ്മുടെ കഴിവ് ഈ ലോകത്തിന് മുന്നിൽ പ്രദർ ശിപ്പിക്കുവാൻ നാം പോരാടേണ്ടതുണ്ട്. പോരാട്ടങ്ങളിൽ വിജയിക്കുന്നവരാണ് ജയാളികൾ. ജീവിതത്തിൽ പോരാടി വിജയക്കൊടി പാറിച്ച ഒരു വിജയിയുടെ ജീവിതയാത്ര നിങ്ങളുടെ മുന്നിൽ .....**

റെറ്റിനോസിസ് (Retinoschsis) എന്ന അപൂർവ നേത്രരോഗവുമായി 1968ൽ ന്യൂജേഴ്സിയിലാണ് എറിക് വെയ്ഹെൻമയർ ജനിച്ചത്. 15 മാസം പ്രായമുണ്ടായിരുന്നപ്പോൾ രോഗനിർണയം നടത്തിയ ഈ രോഗം ഗ്ലോക്കോമയായി മാറുകയും 13-ാം വയസ്സിൽ പൂർണ്ണമായും അന്ധനാവുകയും ചെയ്തു. അന്ധനായിരുന്നിട്ടും **Braille** ലിപി പഠിക്കാൻ അദ്ദേഹം തയാറായില്ല. സ്കൂളിൽ പഠിക്കുമ്പോൾ ഗുസ്തിയിൽ വലിയ താൽപര്യം ഉണ്ടാകുകയും പരിശീലനം നേടി ഹൈസ്കൂളിൽ മികച്ച ഗുസ്തിക്കാരനായി ടീമിനെ നയിക്കുകയും ചെയ്തു. ഇതിനിടയിൽ തന്റെ അമ്മയെ നഷ്ടപ്പെട്ട് വളരെ മനോഭാരത്തിലായി.

തുടർന്ന് അച്ഛന്റെ മാർഗനിർദേശപ്രകാരം മലകൾ കയറാൻ ശ്രമിച്ചു. തന്റെ കൈകളും കാലുകളും ഉപയോഗിച്ച്, മലകളിൽ ഉള്ള വിടവുകൾ കണ്ടെത്തി യാത്ര തുടർന്നു. അവിടെ അവസാനിപ്പിക്കാതെ **Phoenix Country Day School**ൽ ഗുസ്തി അദ്ധ്യാപകനായും പരിശീലകനായും പ്രവർത്തിച്ചു. അദ്ദേഹത്തിന്റെ യാത്ര അവിടെ തീർന്നില്ല. അടുത്ത ഘട്ടമായി വലിയൊരു ശ്രമം നടത്തി, തന്റെ മലകയറ്റ യാത്ര തുടർന്നുകൊണ്ടിരുന്നു. വെയ്ഹൻമെയർ കയറിയ ആദ്യത്തെ വലിയ പർവതമായിരുന്നു **Denali.** 2001 മെയ് 25 ന് എവറസ്റ്റ് കൊടുമുടിയിൽ എത്തിയ ആദ്യത്തെ അന്ധൻ എന്ന പ്രശസ്തി വെയ്ഹൻമയർ നേടിയെടുത്തു.

2002 സെപ്റ്റംബറിൽ 7 ഭൂഖണ്ഡങ്ങളിലെ ഏറ്റവും ഉയർന്ന 7 കൊടുമുടികളിൽ എത്തിയ ആദ്യത്തെ അന്ധൻ എന്ന ബഹുമതി ലഭിച്ചു. 2004 ൽ അന്ധരായ ആറ് ടിബറ്റൻ യൗവനക്കാരോടൊപ്പം എവറസ്റ്റിന്റെ വടക്ക് ഭാഗത്ത് 21,500 അടി ഉയരത്തിൽ കയറി. 2008ൽ ഓസ്ട്രേലിയയിലെ ഏറ്റവും ഉയരമുള്ള കൊടുമുടിയായ കാർസ്റ്റൻസ് പിരമിഡിലും കയറി.

ഈ നേട്ടത്തിനായി, ടൈം മാഗസിന്റെ കവർ പേജിൽ അദ്ദേഹത്തെ ആദരിച്ചു. എറിക് വെയ്ഹൻമെയർ അന്ധനായ അത് ലറ്റ്, സാഹസികൻ, എഴുത്തുകാരൻ, ആക്ടിവിസ്റ്റ്, മോട്ടിവേഷണൽ സ്പീക്കർ എന്നിങ്ങനെ നിരവധി പേരുകൾ നേടിയെടുത്തു.

ഞാൻ അന്ധനായതിനാൽ എനിക്ക് അത് ചെയ്യുവാൻ സാധിക്കില്ല എന്നു പറഞ്ഞ് എറിക് തന്റെ കഴിവിനെ ഒതുക്കി വച്ചില്ല. തന്റെ മുന്നിലുള്ള എല്ലാ സാഹചര്യങ്ങളും പ്രതികൂലമായിരുന്നെങ്കിലും, അദ്ദേഹം അതിനെതിരെ പോരാടി വിജയം കണ്ടെത്തി.

**ഇത് വായിക്കുന്ന യുവ വിജയികളെ, പോരാട്ടങ്ങളും ആവലാതികളും ഇല്ലാത്ത ഒരു ജീവിതം ആർക്കും ഉണ്ടാവില്ല. പോരായ്മകളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചാൽ നമുക്ക് ജയിക്കാനാകില്ല. അതുകൊണ്ട് പോരാട്ടങ്ങളും ആവലാതികളും മാറ്റിവച്ച് വിജയത്തിന്റെ അനന്തമായ യാത്ര ആരംഭിക്കുവിൻ.**

Heart Beat

# മടുത്തുപോകാതെ ആശ്രയിക്കുവിൻ!



ഞാൻ ജനിച്ചതും വളർന്നതും ഒരു ക്രൈസ്തവ കുടുംബത്തിലാണ്. പക്ഷേ, യൗവനപ്രായത്തിൽ എനിക്ക് എന്റെ അമ്മയും അച്ഛനും നഷ്ടപ്പെട്ടു. ഇപ്പോൾ ഞാനും എന്റെ അനുജത്തിയും എന്റെ മുത്തശ്ശിയുടെ കൂടെയാണ് താമസിക്കുന്നത്. മാതാപിതാക്കളുടെ മരണശേഷം എനിക്ക് സ്കൂൾ വിദ്യാഭ്യാസം തുടരാനായില്ല. ഞാൻ ഒരു കമ്പനിയിൽ ജോലി ചെയ്യുന്നു. എങ്കിലും ഞാൻ കർത്താവിലുള്ള വിശ്വാസം കൈവിട്ടില്ല. യേശു എന്നെയും എന്റെ സഹോദരിയെയും ഉയർത്തി അനുഗ്രഹിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. എന്റെ സഹോദരി 8-ാം ക്ലാസിൽ പഠിക്കുന്നു. ഞാനും എന്റെ കമ്പനിയിലെ സുഹൃത്തുക്കളും ചേർന്ന് നിരവധി പാപങ്ങളിൽ ഏർപ്പെട്ടു. എനിക്ക് അവരെ ഒഴിവാക്കാനായില്ല. ഞാൻ യേശുവിനെ ആരാധിച്ചിട്ടും പാപം ചെയ്യുന്നു എന്ന കുറ്റബോധം പലപ്പോഴും എന്നോട് വാദിക്കുന്നു. കൂടാതെ എന്റെ മാനേജർ നല്ലവനായതിനാൽ, മറ്റൊരു ജോലിക്ക് ശ്രമിക്കാൻ മനസ്സ് ഉണ്ടായില്ല. ഈ കമ്പനിയിൽ തുടരുന്നതിനാൽ ധാരാളം പോരാട്ടങ്ങൾ നേരിടുന്നു. കൂടാതെ എന്റെ മാനേജരുമായുള്ള ബന്ധം തെറ്റാണെന്ന് തോന്നുന്നു. ഇങ്ങനെ പല പാപകെണിയിൽ കുടുങ്ങിയതായി തോന്നുന്നു. പക്ഷേ എന്ത് ചെയ്യണമെന്ന് അറിയില്ല. ഒരു ഭാഗത്ത് ഭയവും, മറുഭാഗത്ത് എന്നോട് തന്നെ വെറുപ്പും തോന്നുന്നു. - എയ്ഞ്ചൽ, കാഞ്ചീപുരം.

പ്രിയ സഹോദരി എയ്ഞ്ചൽ, ഒരു ഭാഗത്ത് നിങ്ങളുടെ ഉള്ളിലെ വേദന, മാതാപിതാക്കളുടെ നഷ്ടം, ഉപേക്ഷിക്കപ്പെട്ട അവസ്ഥ, ആശ്രയിക്കുവാൻ ആരുമില്ല എന്ന വേദന, മറുവശത്ത് പഠനം പാതിവഴിയിൽ ഉപേക്ഷിച്ചതിന്റെ വേദന, ജോലിസ്ഥലത്ത് പാപകരമായ ശീലങ്ങളിൽ അകപ്പെട്ടതിന്റെ വേദന, മാനേജരുമായുള്ള തെറ്റായ ബന്ധം നിങ്ങളെ അനുദിനം സമ്മർദ്ദത്തിലാക്കുന്നതായി നിങ്ങൾക്ക് അനുഭവപ്പെടാം.

എയ്ഞ്ചൽ, വചനപ്രകാരം യോസേഫ് എന്ന യൗവനക്കാരന്റെ ജീവിതത്തിൽ നിരവധി പോരാട്ടങ്ങളും, പ്രശ്നങ്ങളും, നഷ്ടവും, വേദനകളും തളർത്തിയപ്പോഴും, കർത്താവ് അവനോടുകൂടെ ഉണ്ടായിരുന്നു. അവനെ ശക്തിപ്പെടുത്തുകയും എല്ലാ പ്രതികൂലങ്ങളെയും തരണം ചെയ്യുവാൻ സഹായം നൽകി ഉയർത്തി മാനിക്കുകയും ചെയ്തു.

ഇതാ ലോകാവസാനത്തോളം ഞാൻ നിങ്ങളോടുകൂടെ ഉണ്ട് എന്നു പറഞ്ഞ കർത്താവ്, നിങ്ങളെ ഇതുവരെ കൈവിട്ടിട്ടില്ല, മറന്നിട്ടുമില്ല. വാഗ്ദത്തം ചെയ്തതുപോലെ കർത്താവ് നിങ്ങളോട് കൂടെ ഇരിക്കുകയാണ്.

എന്നാൽ കർത്താവിൽ നിന്ന് പിന്മാറിപ്പോകുമ്പോൾ, നിരവധി പാപ ശീലങ്ങളും മോശമായ ബന്ധങ്ങളും നിങ്ങളെ ചുറ്റിപ്പറ്റുകയാണ് എന്ന് നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിയുന്നുവോ എന്നതിനെക്കുറിച്ച് ചിന്തിക്കുവിൻ.

എയ്ഞ്ചൽ, ഈ ദുരവസ്ഥയിൽ നിന്ന് നിങ്ങളെ വിടുവിക്കുവാനും വാഗ്ദത്തം ചെയ്തതുപോലെ നിങ്ങളെ ഉയർത്തുവാനും കർത്താവിന് കഴിയും. അതിന് നിങ്ങൾ യേശുവിന്റെ കൂടെയായിരിക്കണം.



നിങ്ങൾ യേശുവിനോടൊപ്പമാണെങ്കിൽ, യേശു നിങ്ങളോടൊപ്പമുണ്ടാകും. നിങ്ങളുടെ തടസ്സങ്ങൾ നീക്കി നിങ്ങളെ രക്ഷിക്കുകയും, നിങ്ങളെ വിടുവിക്കുകയും ഉയർത്തുകയും ചെയ്യും.

നിങ്ങൾ ഒരു നിർണായക സ്ഥാനത്താണ്, തെറ്റാണെന്ന് അറിഞ്ഞുകൊണ്ട് അത് തുടരുകയാണെങ്കിൽ അത് അപകടത്തിൽ പോയി അവസാനിക്കും. അതേസമയം, കർത്താവിനെ ആശ്രയിച്ച്, കർത്താവിന്റെ ശബ്ദം അനുസരിച്ചാൽ ശ്രേഷ്ഠമായ ജീവിതം നയിക്കാനാകും.

## DANGER തുടർന്നാലുണ്ടാകുന്ന അപകടം DANGER

- ഈ പാപകരമായ ശീലം നിങ്ങളെ അനുദിനം അടിമയാക്കി, നിങ്ങൾ ആ പാപത്തിൽ മുങ്ങുകയും, അതിന് എന്നെന്നേക്കുമായി കീഴടങ്ങുകയും ചെയ്യാം.
- മാനേജരുമായുള്ള തെറ്റായ ബന്ധം കാരണം എല്ലാവരും നിങ്ങളുടെ സ്വഭാവത്തെ തെറ്റായി ചിത്രീകരിക്കാനും അങ്ങനെ നിങ്ങളുടെ ജോലി നഷ്ടപ്പെടാനും സാധ്യതയുണ്ട്.
- ഇത് നിങ്ങളുടെ വീട്ടിൽ പ്രശ്നങ്ങളും സമ്മർദ്ദവും ഉണ്ടാക്കും.
- എല്ലാവരും നിങ്ങളെ ഒരു തെറ്റായ മാതൃകയായി കാണും.
- വീട്ടിൽ സമാധാനമില്ലാതെ, പാപപ്രശ്നങ്ങളോടെ, ജോലിയിൽ ഉണ്ടായ അപവാദം നിമിത്തം മനസ്സ് തകർന്ന് തെറ്റായ തീരുമാനം എടുക്കാൻ സാധ്യതയുണ്ട്.

## ഇതിൽ നിന്ന് പുറത്തുകടക്കാൻ നിങ്ങൾ ചെയ്യേണ്ടത്

- കർത്താവിനെ ദുഃഖിപ്പിക്കുന്ന ഒരു പാപപ്രവർത്തിയിലും ഏർപ്പെടുകയില്ലെന്ന് തീരുമാനമെടുക്കുക.
- നിങ്ങൾ ആ പാപത്തിൽ നിന്ന് ഓടിപ്പോകാൻ ശ്രമിക്കുമ്പോൾ, കർത്താവ് നിങ്ങൾക്ക് കൃപ നൽകും.
- അനാവശ്യമായ സൗഹൃദങ്ങൾ അവസാനിപ്പിക്കുവാൻ ശ്രമിക്കുക.
- മാനേജരുമായുള്ള ബന്ധം തെറ്റാണെന്ന് കർത്താവ് നിങ്ങളുടെ ഹൃദയത്തിൽ വ്യക്തമായി പറയുമ്പോൾ, ആ ബന്ധം അവസാനിപ്പിക്കാൻ ശ്രമിക്കുക.
- മറ്റൊരു ജോലിയിലേക്ക് മാറിയാൽ, നിങ്ങൾക്ക് ഈ കാര്യങ്ങളിൽ നിന്ന് വിടുതൽ നേടാൻ കഴിയുമെങ്കിൽ മറ്റൊരു ജോലി കണ്ടെത്താൻ ശ്രമിക്കുക.

ഇങ്ങനെ നിങ്ങൾ ചെയ്യുന്ന ഓരോ ശ്രമത്തിലൂടെയും, കർത്താവുമായുള്ള ബന്ധം പുതുക്കുവാൻ കഴിയും.

നിങ്ങൾക്ക് വീണ്ടും എഴുന്നേൽക്കുവാനും, വിശുദ്ധമായ ജീവിതം നയിക്കുവാനും, കർത്താവ് നിങ്ങൾക്കായി കരുതിവച്ചിരിക്കുന്ന ഉയർച്ചയിലും, മനോഹരമായ ജീവിതത്തിലും എത്തിച്ചേരുവാനും കഴിയും.

**എയ്ഞ്ചൽ, വചനത്തിൽ യോസേഫ് എന്ന യൗവനക്കാരൻ ജീവിതത്തിൽ നിരവധി പോരാട്ടങ്ങളും, പ്രശ്നങ്ങളും, നഷ്ടവും, വേദനയും നേരിട്ട് അവൻ തളർന്നുപോയെങ്കിലും, കർത്താവ് അവനോടുകൂടെ ഉണ്ടായിരുന്നു. അവനെ ശക്തിപ്പെടുത്തുകയും എല്ലാ പ്രതികൂലങ്ങളെയും തരണം ചെയ്യുവാൻ സഹായം നൽകി യോസേഫിനെ ഉയർത്തി മാനിച്ചു.**

**നിങ്ങൾ കർത്താവിൽ ആശ്രയിക്കുകയാണെങ്കിൽ അതേ കർത്താവ് നിങ്ങളുടെ ജീവിതത്തിലും, നിങ്ങളെ ഉയർത്തി മാനിക്കും. ആത്മവിശ്വാസത്തോടെ പ്രവർത്തിക്കുവിൻ. കർത്താവ് നിശ്ചയമായും സഹായിക്കും! പ്രാർത്ഥന തുടരുവിൻ!!**



# തടസ്സങ്ങളെ അതിജീവിക്കുക!

**ലോകത്ത് വിജയത്തിലേക്ക് മുന്നേറുന്ന എല്ലാവർക്കും ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ പ്രതികൂലങ്ങൾ നേരിടേണ്ടിവരും. പ്രതികൂലങ്ങളെ തരണം ചെയ്യുന്നവരാണ് ജീവിതത്തിൽ വിജയിക്കുന്നത്. വിജയിച്ച ഓരോ വ്യക്തിയും ആദ്യം നേരിടുന്ന തടസ്സം സ്വന്തം മനസ്സാണ്. പോസിറ്റീവായി ചിന്തിച്ചാൽ എന്തും ചെയ്യാം. എന്നാൽ, തടസ്സങ്ങളെക്കുറിച്ച് നിഷേധാത്മകമായി ചിന്തിക്കുമ്പോൾ ആർക്കും പ്രവർത്തിക്കുവാൻ കഴിയില്ല. അതുകൊണ്ട് നമ്മുടെ ജീവിതത്തിൽ ലക്ഷ്യത്തിലേക്ക് മുന്നേറുമ്പോൾ മാനസികമായി വരുന്ന പ്രതിസന്ധികളെ തരണം ചെയ്താൽ മതി, നിങ്ങൾക്ക് വിജയം നേടാൻ കഴിയും.**

എപ്പോഴും ലക്ഷ്യം നോക്കി മുന്നേറുമ്പോൾ നമ്മുടെ ശ്രദ്ധ അതിൽ മാത്രമായിരിക്കണം. നേരെമറിച്ച്, തടസ്സങ്ങളെക്കുറിച്ച് വിഷമിച്ചാൽ ലക്ഷ്യത്തിലേക്ക് എത്തുവാൻ സാധിക്കില്ല. ഉദാഹരണത്തിന്, നിങ്ങൾ സ്കൂളോ കോളേജോ പൂർത്തിയാക്കി ഉന്നത വിദ്യാഭ്യാസത്തിനോ ജോലിയ്ക്കോ വേണ്ടി ശ്രമിച്ചിട്ട് പരാജയപ്പെട്ടുപോയെങ്കെലും, നിങ്ങൾ മനസ്സൊരുക്കത്തോടെ മുന്നോട്ട് പോകുകയാണെങ്കിൽ, നിങ്ങൾ തീർച്ചയായും വിജയിക്കും. ഒരിക്കൽ ദാവീദ് യുദ്ധം കഴിഞ്ഞ് മടങ്ങിവന്നപ്പോൾ അമാലേക്യർ സിക്ലാഗിൽ വന്ന് അവന്റെ സ്വത്തുക്കളും അവനുള്ളതെല്ലാം കൊള്ളയടിച്ചു. ഇതു കണ്ടപ്പോൾ അവൻ നിരാശനാകാതെ കർത്താവിൽ ഉറച്ചു, കർത്താവിന്റെ അരുളപ്പാട് പ്രകാരം, ദാവീദും കൂടെയുള്ള അറുനൂറു പേരും പുറപ്പെട്ടു (1ശമു.30:9). അവർ ബെസോർതോട് എത്തിയപ്പോൾ 200 പേർ അവിടെ നിന്നു.



ഇതുകണ്ട് ദാവീദ് തളരാതെ നാനൂറുപേരുമായി യാത്ര തുടർന്നു. 200 പേർ ബെസോർ നദി കടക്കാതെ അവിടെ നിന്നു. ലക്ഷ്യത്തിലേക്ക് മുന്നേറുന്നതിനിടയിൽ പ്രതികൂലങ്ങൾ ഓരോന്നായി വന്നുകൊണ്ടിരുന്നെങ്കിലും

അതൊന്നും കണ്ട് ദാവീദിന്റെ മനസ്സ് തളർന്നില്ല. കർത്താവിന്റെ വചനത്തിൽ വിശ്വസിച്ച് പ്രതിസന്ധികൾക്കപ്പുറത്തേക്ക് മുന്നേറിക്കൊണ്ട്, "അവർ അപഹരിച്ചു കൊണ്ടുപോയതിൽ ചെറുതോ വലുതോ പുത്രന്മാരോ പുത്രിമാരോ കൊള്ളയോ യാതൊന്നും കിട്ടാതിരുന്നില്ല, ദാവീദ് എല്ലാം മടക്കി കൊണ്ടുപോന്നു" (1ശമു. 30:19). ഒരുപക്ഷേ ദാവീദ് തനിക്കെതിരെയുണ്ടായ പ്രതിസന്ധികൾ കണ്ട് മനസ്സ് തളർന്നിരുന്നെങ്കിൽ തീർച്ചയായും യുദ്ധം ജയിക്കാനാവില്ലായിരുന്നു. നിരവധി പ്രതികൂലങ്ങൾ തരണം ചെയ്താൽ മാത്രമേ വലിയ വിജയങ്ങൾ നേടാനാകൂ. പ്രതിസന്ധികൾ കണ്ട് മടുത്തുപോയാൽ നമുക്ക് നമ്മുടെ ലക്ഷ്യങ്ങൾ നേടാനാവില്ല.



നിങ്ങളുടെ ലക്ഷ്യസ്ഥാനങ്ങളിലേക്ക് ഓരോ ദിവസവും മുന്നോട്ട് പോകുവിൻ, തടസ്സങ്ങൾ കണ്ട് തളർന്നുപോകരുത്. നിങ്ങൾ ചെയ്യുന്ന കാര്യങ്ങൾ വിജയിക്കുവാൻ കഠിനാധ്വാനവും, പരിശ്രമവും, വിശ്വാസവും അത്യാവശ്യമാണ്. എത്ര പ്രതികൂലങ്ങൾ നേരിട്ടാലും അതിനെ മറികടക്കാൻ കഴിയുമെന്ന് വിശ്വസിച്ചാൽ മാത്രമേ ലക്ഷ്യത്തിലെത്താൻ കഴിയൂ. എത്ര പേർ എഴുന്നേറ്റ് നിങ്ങളുടെ ലക്ഷ്യങ്ങളെ തടയാൻ ശ്രമിച്ചാലും മുന്നോട്ട് പോകുവിൻ.

നെഹമ്യാവ് യെരുശലേമിന്റെ മതിൽ പണിയുവാൻ തുടങ്ങിയപ്പോൾ തടസ്സങ്ങളും, പോരാട്ടങ്ങളും, കഷ്ടപ്പാടുകളും, ആക്ഷേപങ്ങളും, നിന്ദകളും, എതിർപ്പുകളും വന്നപ്പോഴെല്ലാം അതൊക്കെയും അവഗണിച്ച് അറ്റകുറ്റപ്പണികളിൽ മുഴുകി. സൻബല്ലത്തും തോബീയാവും എത്ര പ്രാവശ്യം ആളുകളെ അയച്ച് പണി തടസ്സപ്പെടുത്താൻ ശ്രമിച്ചപ്പോഴും നെഹെമ്യാവ് അതിന് വഴങ്ങിയില്ല. "... ഞാൻ ഒരു വലിയ വേല ചെയ്തുവരുന്നു എനിക്ക് അങ്ങോട്ടു വരുവാൻ കഴിവില്ല" (നെഹെമ്യാവ് 6:3) എന്നു പറഞ്ഞ് വിട്ടു. ഒരു ഭാഗം അങ്ങനെയായിരുന്നെങ്കിലും, മറുവശത്ത് കൂടെയുണ്ടായിരുന്ന ആളുകൾക്ക് ജോലിയിൽ താൽപര്യം നഷ്ടപ്പെടുകയും അപാകതകൾ ചൂണ്ടിക്കാണിച്ച് മതിൽ നിർമ്മിക്കുന്ന പണിയിൽ ഏർപ്പെടാൻ മടികാണിച്ചു. നെഹെമ്യാവ് എല്ലാ വശത്തുനിന്നും പ്രതികൂലങ്ങൾ നേരിട്ടുവെങ്കിലും അതിൽ തളർന്നുപോയില്ല. എന്നാൽ തന്റെ അശ്രാന്ത പരിശ്രമത്താലും, വിശ്വാസത്താലും, ദൈവത്തോടുള്ള തീക്ഷ്ണതയാലും അവൻ യെരുശലേമിന്റെ നിർമ്മാണം വിജയകരമായി പൂർത്തിയാക്കി. നെഹെമ്യാവിന്റെ കൂടെയുണ്ടായിരുന്ന ആളുകൾ ദുർബലരായിരുന്നു. അവർ അവനെ വിഷമിപ്പിക്കുകയും നിരുത്സാഹപ്പെടുത്തുന്ന തരത്തിൽ പിറുപിറുക്കുകയും ചെയ്തു. എന്നാൽ നെഹെമ്യാവ് തന്നെ അയച്ച കർത്താവിൽ വിശ്വസിച്ചു. എത്ര തടസ്സങ്ങൾ വന്നിട്ടും "തകർക്കുന്നവൻ അവർക്കു മുമ്പായി പുറപ്പെടുന്നു ..." (മീഖാ 2:3) എന്ന് കർത്താവിൽ വിശ്വസിച്ചതിനാൽ ഏറ്റെടുത്ത പ്രവൃത്തിയിൽ അവൻ വിജയം കൈവരിച്ചു.

**എന്നെപ്പോലുള്ള യൗവനക്കാരെ, നിങ്ങളുടെ ലക്ഷ്യസ്ഥാനത്തേക്ക് യാത്ര ചെയ്യുമ്പോൾ, നിരവധി തടസ്സങ്ങൾ ഉണ്ടാകും. എന്നാൽ നിങ്ങളുടെ ചിന്തകളും പ്രവർത്തനങ്ങളും നിങ്ങളുടെ ലക്ഷ്യത്തിലേക്കാണെങ്കിൽ, തീർച്ചയായും നിങ്ങൾ അതിൽ വിജയം കണ്ടെത്തും. വിജയത്തിലേക്ക് പോകുമ്പോൾ തടസ്സങ്ങൾ സ്വാഭാവികമാണ്. നിങ്ങളെ വിളിച്ചവനും തിരഞ്ഞെടുത്തവനുമായ യേശുവിൽ വിശ്വസിക്കുവിൻ. യേശു നിങ്ങളുടെ ജീവിതത്തിലെ എല്ലാ പ്രതികൂലങ്ങളെയും തകർത്ത് നിങ്ങൾ ആഗ്രഹിച്ച ലക്ഷ്യത്തിലെത്താൻ സഹായിക്കും.**



# God who destroys Barriers!

# തടസ്സങ്ങൾ തകർക്കുന്ന കർത്താവ്!

"തകർക്കുന്നവൻ അവർക്കു മുമ്പായി പുറപ്പെടുന്നു; അവർ തകർത്തു ഗോപുരത്തിൽക്കൂടി കടക്കയും പുറപ്പെടുകയും ചെയ്യും; അവരുടെ രാജാവ് അവർക്കു മുമ്പായും യഹോവ അവരുടെ തലയ്ക്കലും നടക്കും" (മീഖാ 2:13).



പലരുടെയും ജീവിതത്തിൽ, ബിസിനസ്സിൽ, വിവാഹകാര്യങ്ങളിൽ, ജോലിയിൽ, സന്താനഭാഗ്യത്തിൽ, സ്ഥാനക്കയറ്റത്തിൽ, പഠനത്തിൽ, ആത്മീയ ജീവിതത്തിൽ, ശുശ്രൂഷയിൽ തുടങ്ങി എല്ലാ മേഖലകളിലും തടസ്സമുണ്ടാകുന്നു, കാര്യങ്ങൾ സാധ്യമാകാത്തതിനാൽ നിരവധി പ്രശ്നങ്ങളും സങ്കടങ്ങളും വേദനകളും അനുഭവിക്കുന്ന ആളുകളാണ് ഇന്നുള്ളത്.

ഇന്ന് നിങ്ങളുടെ ജീവിതത്തിലും ഇതുപോലുള്ള ഒരു തടസ്സം ഉണ്ടായിരിക്കാം. എന്നാൽ കർത്താവ് നിങ്ങളെ നോക്കി, "എന്റെ മകനേ (ളേ), ഞാൻ തടസ്സങ്ങൾ നീക്കുന്നവനാണ്. ഇതുവരെ കാണപ്പെട്ട എല്ലാ തടസ്സങ്ങളും മാറുവാൻ പോകുന്നു. ഇതുവരെ തടസ്സപ്പെട്ടിരുന്ന കാര്യങ്ങൾ എല്ലാം മാറ്റി, നിങ്ങളുടെ കാര്യങ്ങൾ സാധ്യമാക്കിത്തരും" എന്ന് വാഗ്ദത്തം നൽകുന്നു. തടസ്സങ്ങൾ തകർത്തു മാറ്റുന്ന കർത്താവ് നിങ്ങൾക്ക് മുമ്പായി നടക്കും.

ശുശ്രൂഷയ്ക്കായി നിങ്ങളുടെ അടുക്കൽ വരാനും, നിങ്ങളെ നേരിട്ട് കാണാനും ഞാൻ ആഗ്രഹിച്ചു. എന്നാൽ സാത്താൻ ഞങ്ങളെ തടുത്തു എന്ന് പൗലൊസ് പറയുന്നു.

"അതുകൊണ്ടു നിങ്ങളുടെ അടുക്കൽ വരുവാൻ ഞങ്ങൾ, വിശേഷാൽ പൗലൊസായ ഞാൻ, ഒന്നു രണ്ടു പ്രാവശ്യം വിചാരിച്ചു; എന്നാൽ സാത്താൻ ഞങ്ങളെ തടുത്തു" (1തെസ്സ. 2:18). ആ പട്ടണത്തിൽ പോയി ശുശ്രൂഷ ചെയ്യുന്നതിൽനിന്ന് സാത്താൻ പൗലൊസിനെ തടുത്തു. എന്റെ പ്രിയപ്പെട്ടവരെ, എപ്പോഴും സാത്താന് തടസ്സപ്പെടുത്താൻ കഴിയുമോ? കഴിയില്ല. ഒരിക്കൽ തടസ്സമുണ്ടാക്കിയാൽ അടുത്ത തവണ കർത്താവ് തടസ്സങ്ങൾ തകർത്ത് വഴിയൊരുക്കും.

"എന്നാൽ സഹോദരന്മാരേ, എനിക്കു ശേഷം ജാതികളിൽ എന്ന പോലെ നിങ്ങളിലും വല്ല ഫലവും ഉണ്ടാകേണ്ടതിന് നിങ്ങളുടെ അടുക്കൽ വരുവാൻ പലപ്പോഴും ഭാവിച്ചു എങ്കിലും ഇതുവരെ മുടക്കം വന്നു എന്നു നിങ്ങൾ അറിയാതിരിക്കരുത് എന്ന് ഞാൻ ആഗ്രഹിക്കുന്നു" (റോമർ 1:13).



റോമിൽ പോയി ശുശ്രൂഷിക്കണമെന്ന ആഗ്രഹം പൗലൊസിന് ഉണ്ടായിരുന്നു. പക്ഷേ എത്ര ശ്രമിച്ചിട്ടും ഫലമുണ്ടായില്ല.

സമയമായപ്പോൾ കർത്താവ് വഴി തുറന്ന് പൗലൊസിനെ കൂട്ടിക്കൊണ്ടുപോയി. അതേ കർത്താവ് പൗലൊസിനെറോമിൽ കൊണ്ടുപോയി, അവിടെ ശുശ്രൂഷ ചെയ്യിച്ചു. അവിടെ വച്ചാണ് പൗലൊസ് രക്തസാക്ഷിയായി മരിച്ചത്.

ഇന്ന് സാത്താൻ നിങ്ങൾക്ക് തടസ്സങ്ങൾ ഉണ്ടാക്കാം, എന്നാൽ കർത്താവിന്റെ അനുവാദമില്ലാതെ അവന് നിങ്ങളെ തടസ്സപ്പെടുത്തുവാൻ കഴിയില്ല. നിങ്ങളെ തടയാൻ സാത്താൻ എത്ര കഠിനമായി ശ്രമിച്ചാലും അവന് നിങ്ങളെ പൂർണ്ണമായും തടയാൻ കഴിയില്ല. ചിലപ്പോൾ ചുരുങ്ങിയ കാലങ്ങളിൽ ചില പോരാട്ടങ്ങൾ വന്നേക്കാം. എന്നാൽ കർത്താവ് ആ തടസ്സം മാറ്റി നിങ്ങൾക്കായി വഴികൾ ഉണ്ടാക്കും.

സാത്താൻ ഒരു സഹോദരിയുടെ ഗർഭം 4 പ്രാവശ്യം അലസിപ്പിക്കുകയും, സന്താന ഭാഗ്യം തടയുകയും ചെയ്തുകൊണ്ടിരുന്നു. കർത്താവ് സാത്താന്റെ പദ്ധതി അവരോട് വെളിപ്പെടുത്തുകയും അതിനായി പ്രാർത്ഥിക്കുകയും ചെയ്തപ്പോൾ ആ അശുദ്ധാത്മാവ് വിട്ടുപോയി. തടസ്സങ്ങൾ മാറ്റി, സന്താനഭാഗ്യം നൽകി അവളെ സന്തോഷിപ്പിച്ചു. സാത്താന് എപ്പോഴും തടസ്സങ്ങൾ സൃഷ്ടിക്കുവാൻ കഴിയില്ല. കർത്താവ് ആ തടസ്സങ്ങൾ തകർക്കും. സാത്താൻ കൊണ്ടുവന്നേക്കാവുന്ന തടസ്സങ്ങൾ കർത്താവ് നീക്കുകയും നിങ്ങൾക്കായി കാര്യങ്ങൾ സാധ്യമാക്കുകയും ചെയ്യും. ബിസിനസ്സ് കാര്യങ്ങൾ സാധ്യമാക്കിത്തരും. ജോലിക്കാര്യങ്ങൾ സാധ്യമാക്കിത്തരും. വിവാഹകാര്യങ്ങൾ സാധ്യമാക്കിത്തരും.

ചില സമയത്ത് ചില കാര്യങ്ങൾ ചെയ്യുവാൻ കർത്താവ് കാലതാമസം വരുത്തും. എന്നാൽ കർത്താവ് ചെയ്യുവാൻ ആഗ്രഹിക്കുന്നതിനെ തടയുവാൻ യാതൊന്നിനും കഴിയില്ല. കർത്താവ് ഒരു കാര്യം വൈകിപ്പിക്കുന്നു എന്ന് തിരിച്ചറിഞ്ഞാൽ കർത്താവിനെ സ്തുതിക്കുവിൻ. എന്റെ സ്ഥാനക്കയറ്റം തടഞ്ഞതിന് നന്ദി. എന്റെ വിവാഹം തടസ്സപ്പെടുത്തിയതിന് നന്ദി. എനിക്ക് ലഭിക്കേണ്ട നന്മ തടഞ്ഞതിനായി സ്തോത്രം. അങ്ങ് അറിയാതെ എന്റെ ജീവിതത്തിൽ ഒന്നും സംഭവിക്കുകയില്ല എന്ന് സ്തുതിക്കുവിൻ. തടസ്സങ്ങൾ മാറിപ്പോകും. സാത്താൻ നിങ്ങളെ തടസ്സപ്പെടുത്തുകയാണെങ്കിൽ, ഉപവസിക്കുകയും അവനെ എതിർത്ത് പ്രാർത്ഥിക്കുകയും ചെയ്യുവിൻ. അപ്പോൾ അവന്റെ ശക്തികൾ നശിച്ചുപോകും.

എന്താണ് നിങ്ങളെ തടയുന്നത്? എന്തുകൊണ്ടാണ് ഈ തടസ്സം ഉണ്ടാകുന്നത്? എന്താ കാര്യങ്ങൾ സാധ്യമാകാത്തത്? എന്തുകൊണ്ടാണ് ഈ തടസ്സം ഉണ്ടാകുന്നത്? എന്തുകൊണ്ടാണ് മക്കളുടെ കാര്യത്തിൽ വിജയം ഉണ്ടാകാത്തത്? എന്തുകൊണ്ടാണ് ഗർഭഫലം തടസ്സപ്പെടുന്നത്? എന്ന് കർത്താവിന്റെ സന്നിധിയിൽ കാത്തിരുന്ന് പ്രാർത്ഥിക്കുമ്പോൾ, കർത്താവ് തടസ്സങ്ങൾ നീക്കി കാര്യങ്ങൾ സാധ്യമാക്കിത്തരും.

**പ്രിയപ്പെട്ട യൗവനക്കാരെ! ഇന്ന് നിങ്ങൾ തടസ്സങ്ങൾ കണ്ട് ഇടറിവീഴുന്നുണ്ടാകാം. നിങ്ങളുടെ ബിസിനസ്സോ, ജോലിയോ, പഠനമോ തടസ്സമായിരിക്കുന്നുവല്ലോ എന്ന് ഭാരപ്പെടുകയായിരിക്കും. നമുക്ക് ഒരു കർത്താവുണ്ട്! തടസ്സങ്ങളെ മാറ്റുന്ന കർത്താവ്! തടസ്സങ്ങൾ തകർത്ത് വഴികൾ ഉണ്ടാക്കുന്ന കർത്താവ്! തടസ്സങ്ങൾ മാറ്റി കാര്യങ്ങൾ സാധ്യമാക്കുന്ന കർത്താവ്. "എന്റെ മകനേ (ളേ), ഞാൻ നിങ്ങൾക്ക് തടസ്സങ്ങൾ മാറ്റി കാര്യങ്ങൾ സാധ്യമാക്കിത്തരും; വഴിയില്ലാത്തിടത്ത് നിങ്ങൾക്കായി വഴികൾ ഉണ്ടാക്കും. നീ ഭയപ്പെടേണ്ട" എന്ന് കർത്താവ് നിങ്ങളോട് പറയുന്നു. കർത്താവിനെ വിശ്വസിച്ച് മുന്നോട്ടുപോയാൽ വിജയം നിശ്ചയമാണ്!**



# TECH - 4

# ഫോണിന്റെ ഉപയോഗം



**യുവജനലോകം വായനക്കാർക്ക് യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹാശംസകൾ. മൊബൈൽ ഫോൺ കൈകാര്യം ചെയ്യുന്നതിനെക്കുറിച്ചുള്ള ഈ ലേഖനത്തിലൂടെ നിങ്ങൾ നിരന്തരം പുതിയ കാര്യങ്ങൾ പഠിക്കുന്നുണ്ടെന്ന് ഞാൻ കർത്താവിൽ വിശ്വസിക്കുന്നു.**

Excel App

കഴിഞ്ഞ മാസം Cloud storage എന്നാൽ എന്ത് എന്നതിനെക്കുറിച്ചും, Google Notes നെക്കുറിച്ചും പഠിച്ചു. ഈ മാസം ഈ Cloud storage ഉപയോഗിച്ച് ഇനിയും കൂടുതൽ എന്തൊക്കെ കാര്യങ്ങൾ ചെയ്യാമെന്ന് മനസ്സിലാക്കാം.

സാധാരണഗതിയിൽ തിടുക്കത്തിൽ ചില ജോലികൾ ചെയ്യുമ്പോൾ പലപ്പോഴും നമുക്ക് മറവി ഉണ്ടാകും. കഠിനാധ്വാനം മൂലമോ അല്ലെങ്കിൽ പഠനം നിമിത്തമോ പ്രധാനപ്പെട്ട ചില കാര്യങ്ങൾ നാം മറക്കാറുണ്ട്.



നിങ്ങളിൽ ചിലർ കോളേജിൽ പഠിക്കുകയോ കമ്പ്യൂട്ടറുമായി ബന്ധപ്പെട്ട ചില കമ്പനികളിൽ ജോലി

Word Document App

ചെയ്യുകയോ ആകാം. അത്തരം സാഹചര്യങ്ങളിൽ, ഓഫീസിലോ കോളേജിലോ പഠനവുമായി ബന്ധപ്പെട്ടോ, ജോലിയുമായി ബന്ധപ്പെട്ടതോ ആയ പ്രധാനപ്പെട്ട കാര്യങ്ങൾ MICROSOFT WORD അല്ലെങ്കിൽ MICROSOFT EXCEL ൽ TYPE ചെയ്തുവയ്ച്ചിട്ടുണ്ടാകാം.

ചില അടിയന്തര സാഹചര്യങ്ങളിൽ ഒരു സ്ഥലത്ത് നാം ശേഖരിച്ചുവച്ചിരിക്കുന്ന വിവരങ്ങൾ മറ്റൊരിടത്തും ഉപയോഗിക്കുവാൻ കഴിയില്ല. ഉദാഹരണമായി, നിങ്ങൾ ഓഫീസിൽ WORD FILE അല്ലെങ്കിൽ POWER POINT SLIDE ആയി ചില വിവരങ്ങൾ സേവ് ചെയ്താൽ, നിങ്ങൾ വീട്ടിൽ വന്നതിന് ശേഷം പെട്ടെന്ന് എന്തെങ്കിലും ഓർമ്മിക്കുകയോ അല്ലെങ്കിൽ അത് മാറ്റേണ്ട സാഹചര്യങ്ങൾ ഉണ്ടാകുകയോ ചെയ്താൽ, അത് ചെയ്യാൻ അവസരങ്ങൾ കുറവായിരിക്കും.

പാതിവഴിയിലായ ജോലികൾ അടുത്ത ദിവസം മാത്രമേ തുടരുവാൻ കഴിയൂ. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് Cloud storage ഉപയോഗിക്കാം. MICROSOFT WORD ന്

പകരമായി അക്ഷരങ്ങളിൽ വിവരങ്ങൾ സൂക്ഷിക്കാൻ ഉപയോഗിക്കുന്ന ഒരു ആപ്ലിക്കേഷനാണ് GOOGLE DOCS. അതിൽ നമുക്ക് അക്ഷരങ്ങൾ, പഠനവിഷയങ്ങൾ, ഓഫീസ് വിവരങ്ങൾ എന്നിവ ടൈപ്പ് ചെയ്യാം.




ഈ GOOGLE DOCS ആപ്ലിക്കേഷനിൽ നാം നൽകുന്ന വിവരങ്ങൾ Cloud storage - ൽ നമ്മുടെ MAIL ID ഉപയോഗിച്ച് സേവ് ചെയ്ത് വയ്ക്കാം. നമ്മൾ എവിടെയായിരുന്നാലും MAIL ID നൽകിയാൽ അവിടെ നിന്ന് വിവരങ്ങൾ ലഭിക്കും. അതുപോലെ തന്നെ MICROSOFT EXCEL ന് പകരമായി GOOGLE SHEETS , MICROSOFT POWER POINTന് പകരമായി GOOGLE SLIDESഉം. GOOGLE APP ലൂടെ Cloud storage സൗജന്യമായി ഉപയോഗിക്കുവാൻ കഴിയും.

(ശ്രദ്ധിക്കുവിൻ: MICROSOFT വെബ്സൈറ്റിൽ Cloud storage ലഭ്യമാണ്. എന്നാൽ ഇത് പ്രതിമാസ സബ്സ്ക്രിപ്ഷനിലൂടെ മാത്രമേ ഉപയോഗിക്കുവാൻ കഴിയൂ. GOOGLE - ൽ 15GB STORAGE വരെ സൗജന്യമാണ്). ഇത് നിമിത്തം ജോലിയിലോ പഠനത്തിലോ ഉള്ള തടസ്സങ്ങൾ നീക്കുകയും പുതിയ വഴികൾ തുറക്കുകയും ചെയ്യും.

പ്രിയ യൗവനക്കാരെ, നിങ്ങളുടെ ജീവിതത്തിൽ ചില സമയത്ത് ചില കാര്യങ്ങളിൽ തടസ്സങ്ങൾ ഉണ്ടാകാം. മറവി നിമിത്തം നേർച്ചകൾ പൂർത്തീകരിക്കപ്പെടാതിരിക്കുകയോ തീരുമാനങ്ങളിൽ ഉറച്ച് നിൽക്കുവാൻ



സാധിക്കാതെ വന്നേക്കാം. അത്തരം സാഹചര്യങ്ങളിൽ, നിങ്ങൾക്ക് അങ്ങനെയൊരു സഹായം തീർച്ചയായും ആവശ്യമാണ്. നമ്മുടെ വിശുദ്ധ വേദപുസ്തകത്തിലും "വൈരിയുടെ നേരെ ഞങ്ങൾക്കു സഹായം ചെയ്യേണമേ; മനുഷ്യന്റെ സഹായം വ്യർഥമല്ലോ" എന്ന് ദാവീദ് പറയുന്നു (സങ്കീ. 108:12).

**പ്രയാസകരമായ സാഹചര്യത്തിൽ മനുഷ്യന്റെ സഹായം വ്യർത്ഥമാണ്. കർത്താവ് നമ്മെ സഹായിക്കുവാൻ ശക്തനാണ്. 'കർത്താവിന് നമ്മെ എങ്ങനെ സഹായിക്കാനാകും?' എന്ന് നിങ്ങൾ ചോദിക്കുകയാണോ? പരിശുദ്ധാത്മാവിലൂടെ നമ്മെ സഹായിക്കും. "സത്യത്തിന്റെ ആത്മാവ് വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴിനടത്തും അവൻ സ്വയമായി സംസാരിക്കാതെ താൻ കേൾക്കുന്നത് സംസാരിക്കയും വരുവാനുള്ളത് നിങ്ങൾക്ക് അറിയിച്ചുതരികയും ചെയ്യും" (യോഹ. 16:13). നിങ്ങൾക്ക് ആവശ്യമുള്ള ആശ്വാസത്തിന്റെ ഉപദേശങ്ങൾ കൃത്യ സമയത്ത് നൽകി പരിശുദ്ധാത്മാവ് നിങ്ങളെ വഴിനടത്തും. അതുകൊണ്ട് എല്ലാ സാഹചര്യങ്ങളിലും പരിശുദ്ധാത്മാവിൽ ആശ്രയിക്കുവാൻ ശീലിക്കുവിൻ. വേഗത്തിൽ കർത്താവിൽ നിന്ന് അനുഗ്രഹം പ്രാപിക്കുവിൻ.**

OK FRIENDS, അടുത്ത TECH ലേഖനത്തിലൂടെ വീണ്ടും കാണാം. അതുവരെ ദൈവകൃപ

ജൂൺ 2024

# പ്രാർത്ഥനാ ഡയറി

**1.** ഇന്ത്യയിൽ 79.9 ദശലക്ഷം പുരുഷന്മാർ മദ്യം കഴിക്കുന്നതായി പഠനങ്ങൾ കാണിക്കുന്നു. മദ്യപാനം തടസ്സപ്പെടാനായി പ്രാർത്ഥിക്കുവിൻ.

**2.** യുവാക്കളുടെ (15 -39 വയസ്സ്) മദ്യത്തിന്റെ ഉപയോഗം 5.24% ഉയർന്നിരിക്കുന്നു. വരും തലമുറകൾ ഈ ലഹരിയിൽ നിന്ന് വിടുവിക്കപ്പെടുവാൻ പ്രാർത്ഥിക്കുവിൻ.

**3.** ലാൻസെറ്റ് പഠനമനുസരിച്ച് 15 -39 വയസ്സിനിടയിലുള്ള 5.39 ദശലക്ഷം ഇന്ത്യക്കാരായ സ്ത്രീകൾ മദ്യപാനികളാണ്. നമ്മുടെ നാട്ടിലെ യൗവനക്കാരികളായ പെൺകുട്ടികൾ ഇതിൽ നിന്ന് വിടുവിക്കപ്പെടുവാൻ പ്രാർത്ഥിക്കുവിൻ.

**4.** ഇന്ത്യയിൽ ഏകദേശം 16 കോടി ജനങ്ങൾ മദ്യത്തിന് അടിമകളാണ്. ഇന്ത്യ മദ്യവിമുക്ത രാജ്യമാകുവാൻ പ്രാർത്ഥിക്കുവിൻ.

**5.** മദ്യപാനം നിമിത്തം ബാധിക്കപ്പെട്ടിരിക്കുന്ന കുടുംബങ്ങളിൽ സന്തോഷവും സമാധാനവും ഉണ്ടാകുവാനായി പ്രാർത്ഥിക്കുവിൻ.

**6.** അന്തരീക്ഷ മലിനീകരണം നിമിത്തം ഇന്ത്യയിൽ ഓരോ വർഷവും 21 ലക്ഷം ആളുകൾ മരിക്കുന്നു. നമ്മുടെ രാജ്യത്തിൽ നിന്ന് വായു മലിനീകരണം പൂർണ്ണമായും മാറിപ്പോകുവാൻ പ്രാർത്ഥിക്കുവിൻ.

**7.** ലോകത്തിൽ ഏറ്റവും മലിനമായ 30 നഗരങ്ങളിൽ 22 എണ്ണവും ഇന്ത്യയിലാണ്. ഈ 22 നഗരങ്ങളും ശുദ്ധീകരിക്കപ്പെടുവാൻ പ്രാർത്ഥിക്കുവിൻ.

**8.** വർധിച്ചുവരുന്ന ശ്വാസകോശ സംബന്ധമായ തകരാറുകൾ നിമിത്തവും വായു മലിനീകരണം നിമിത്തവും മരണങ്ങൾ സംഭവിക്കാതെ കർത്താവ് നമ്മെ സംരക്ഷിക്കുവാൻ പ്രാർത്ഥിക്കുവിൻ.

**9.** അന്തരീക്ഷ മലിനീകരണം, മഴയുടെ കാലതാമസം, അമിതമായ ചൂട്, കാലാവസ്ഥാ വ്യതിയാനം എന്നിവ മാറിപ്പോകുവാനായി പ്രാർത്ഥിക്കുവിൻ.

**10.** വായു മലിനീകരണം തടഞ്ഞ്, ഇന്ത്യയിലെ ജനങ്ങൾക്ക് ശുദ്ധമായ വായു ശ്വസിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുന്നതിനായി പ്രാർത്ഥിക്കുവിൻ.

**11.** ജൂൺ മുതൽ സ്കൂളിൽ പോകുന്ന വിദ്യാർത്ഥികളുടെ സുരക്ഷിതത്വത്തിനായി പ്രാർത്ഥിക്കുവിൻ.

**12.** കുഞ്ഞുങ്ങളുടെമേൽ കർത്താവിന്റെ ആധിപത്യവും സംരക്ഷണവും ഉണ്ടാകുവാനായി പ്രാർത്ഥിക്കുവിൻ.

**13.** കുഞ്ഞുങ്ങളെ സ്കൂളിൽ കൊണ്ടുപോകുന്ന വാഹനങ്ങളിൽ യേശുവിന്റെ രക്തം തളിച്ച് പ്രാർത്ഥിക്കുവിൻ.

**14.** എല്ലാ അപകടങ്ങളിൽ നിന്നും ആപത്തുകളിൽ നിന്നും കർത്താവ് കുഞ്ഞുങ്ങളെ സംരക്ഷിക്കുവാൻ പ്രാർത്ഥിക്കുവിൻ.





**15.** സ്കൂളുകളിൽ വിദ്യാർത്ഥികൾക്ക് നല്ല സാഹചര്യങ്ങൾ ഉണ്ടാകുവാനും, അവർ പഠനത്തിൽ മികവ് പുലർത്തുവാനും പ്രാർത്ഥിക്കുവിൻ.

**16.** പഠിക്കുവാൻ കഴിയാതെ, പഠനം പാതിവഴിയിൽ ഉപേക്ഷിക്കുവാൻ ആലോചിക്കുന്ന വിദ്യാർത്ഥികൾക്ക് സർക്കാർ അവസരം നൽകണമെന്ന് പ്രാർത്ഥിക്കുവിൻ.



**17.** വിദ്യാർത്ഥികൾക്കിടയിൽ മരണമോ ആത്മഹത്യയോ വരാതെ കർത്താവ് സംരക്ഷിക്കുവാൻ പ്രാർത്ഥിക്കുവിൻ.

**18.** സഭകൾ കർത്താവിനുവേണ്ടി എഴുന്നേൽക്കുവാനും സജീവമാകുവാനും പ്രാർത്ഥിക്കുവിൻ.

**19.** സഭകളിൽ പരിശുദ്ധാത്മാവിന്റെ ശക്തി പകരപ്പെടുവാൻ പ്രാർത്ഥിക്കുവിൻ.

**20.** സഭകളിൽ ഐക്യത്തിന്റെ ആത്മാവ് പകരപ്പെടുവാനും, വിശ്വാസികൾ വിശ്വാസത്തിൽ ശക്തിപ്പെടുവാനും പ്രാർത്ഥിക്കുവിൻ.

**21.** ഇന്ത്യയിൽ പാപത്തിൽ അടിമപ്പെട്ടിരിക്കുന്ന യൗവനക്കാർ രക്ഷിക്കപ്പെടുവാൻ വേണ്ടി പ്രാർത്ഥിക്കുവിൻ.

**22.** യൗവനക്കാരെ പാപത്തിന് അടിമകളാക്കുന്ന ദുരാത്മാക്കളുടെ പ്രവൃത്തികൾ ബന്ധിക്കപ്പെടുവാൻ പ്രാർത്ഥിക്കുവിൻ.

**23.** ഇന്ത്യയിൽ നടക്കുന്ന കൊലപാതകങ്ങൾ, ആത്മഹത്യകൾ, അപകടങ്ങൾ എന്നിവയിലൂടെ രക്തച്ചൊരിച്ചിലുകൾ തടയപ്പെടുവാൻ പ്രാർത്ഥിക്കുവിൻ.

**24.** ഇന്ത്യയുടെ സമ്പദ് വ്യവസ്ഥ അനുഗ്രഹിക്കപ്പെടുവാനായി പ്രാർത്ഥിക്കുവിൻ.

**25.** ഇന്ത്യയിലെ പാവപ്പെട്ടവരുടെയും സാധാരണക്കാരുടെയും ഉപജീവനമാർഗം അനുഗ്രഹിക്കപ്പെടുവാനായി പ്രാർത്ഥിക്കുവിൻ.

**26.** ഇന്ത്യയിൽ അശ്ലീല ചിത്രങ്ങൾക്ക് അടിമപ്പെട്ടിരിക്കുന്ന ജനങ്ങളുടെ വിടുതലിനും, രക്ഷയ്ക്കും വേണ്ടി പ്രാർത്ഥിക്കുവിൻ.

**27.** എല്ലാത്തരം ഭീകരാക്രമണങ്ങളിൽ നിന്നും ഇന്ത്യ സംരക്ഷിക്കപ്പെടുവാൻ വേണ്ടി പ്രാർത്ഥിക്കുവിൻ.

**28.** സ്കൂളുകളിലും കോളേജുകളിലും പെൺകുട്ടികൾക്കെതിരായ ലൈംഗികാതിക്രമങ്ങൾ തടസ്സപ്പെടുവാൻ പ്രാർത്ഥിക്കുവിൻ.

**29.** ഇന്ത്യയിൽ അവശ്യസാധനങ്ങളുടെ വിലക്കയറ്റം തടയാൻ പ്രാർത്ഥിക്കുവിൻ.

**30.** ഇന്ത്യയിലെ എല്ലാ കൃഷിസ്ഥലങ്ങളുടെയും അനുഗ്രഹത്തിനായി പ്രാർത്ഥിക്കുവിൻ.



# ഫീലിംഗ്സ് DEPRESSION

യൗവനക്കാരായ നാം ഇന്ന് വളരെ മത്സരാധിഷ്ഠിതമായ ഒരു ലോകത്താണ് (Competitive World) ജീവിക്കുന്നത്. ഓരോ ദിവസവും പലവിധമായ വെല്ലുവിളികൾ നമ്മുടെ മുന്നിൽ ഉണ്ടാകുന്നത് സത്യമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ നാം നമ്മുടെ ഭാവങ്ങൾ പല തരത്തിൽ പ്രകടിപ്പിക്കുന്നു. പ്രത്യേകിച്ചും ഭയം - ഏകാന്തത - കോപം - വെറുപ്പ് - സമ്മർദ്ദം തുടങ്ങിയ നിരവധി നിഷേധാത്മകമായ ഭാവങ്ങൾ നിങ്ങൾ അനുഭവിക്കുന്നുണ്ടെങ്കിൽ, ഈ ലേഖനം നിങ്ങൾക്കുള്ളതാണ്

## വിഷാദം - DEPRESSION

ഈ ആധുനിക ലോകത്തിൽ നമ്മൾ ഏറ്റവും കൂടുതൽ കേൾക്കുന്ന വാക്കുകളാണ് I AM IN DEPRESSION. യൗവനക്കാർ ഞാൻ വളരെ വിഷാദത്തിലാണ് എന്ന് പറയാനുള്ള സാധ്യത കൂടുതലാണ്. വിഷാദം എന്ന വികാരം നിങ്ങൾക്ക് കൈകാര്യം ചെയ്യുവാൻ കഴിയും! ഇന്നത്തെ കാലത്ത് കുഞ്ഞുങ്ങളും യൗവനക്കാരും കുടുംബനാഥന്മാരും അവിവാഹിതരും ശുശ്രൂഷക്കാരും ഈ വിഷാദരോഗത്തിന് ഇരയാകുന്നു.



## വിഷാദത്തിന്റെ കാരണം

### ഇത്തരം വിഷാദത്തിന്റെ മൂല കാരണം നിരാശയാണ്.

പ്രതീക്ഷിച്ച കാര്യങ്ങൾ പ്രതീക്ഷിച്ച സമയത്തിനുള്ളിൽ നടക്കാത്തതിനാൽ ചിലർ നിരാശയും വിഷാദവും അനുഭവിക്കുന്നു.

തങ്ങളുടെ പ്രിയപ്പെട്ടവർ നിഷേധാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ ചിലർക്ക് നിരാശയും വിഷാദവും അനുഭവപ്പെടുന്നു.

ഇത്തരം തകർക്കപ്പെട്ട പ്രതീക്ഷകൾ ഒരാളെ നിരാശയിലേക്ക് നയിക്കുന്നു. ഇതാണ് വിഷാദത്തിന്റെ മൂലകാരണം.

### വേദപുസ്തകത്തിൽ വിഷാദരോഗം കൈകാര്യം ചെയ്ത വ്യക്തി.

പ്രാർത്ഥിക്കുന്ന ഒരു ക്രിസ്ത്യാനിക്ക് ചിലപ്പോഴൊക്കെ വിഷാദം അനുഭവപ്പെടുന്നത് സ്വാഭാവികമാണ്! എങ്കിലും, അത് കൈകാര്യം ചെയ്യുന്നതും അതിൽ നിന്ന് പുറത്തുവരുന്നതും ദൈവമക്കളുടെ പ്രത്യേകതയായി കണക്കാക്കപ്പെടുന്നു. അത്തരം വിഷാദരോഗം നേരിട്ട് ജയിച്ച വ്യക്തിയാണ് നെഹെമ്യാവ്.

കാരണം നെഹെമ്യാവിന്റെ കാലത്തിൽ, അവൻ മതിൽ പണിയുമ്പോൾ, അവനെ വിഷാദത്തിലാക്കുന്ന പല കാര്യങ്ങളും നടന്നിരുന്നു. നിസ്വാർത്ഥമായി യിസ്രായേൽ ജനതയെ സഹായിക്കാൻ വന്ന അയാൾ യെരുശലേമിൽ എത്തിയപ്പോൾ നിരാശനായി! സൻബല്ലെത്തും തോബിയാവും ഉന്നയിച്ച പ്രശ്നങ്ങൾ, ഇസ്രായേല്യർക്കുള്ളിൽ തന്നെ പരിഹരിക്കപ്പെടേണ്ടതായിരുന്ന പ്രശ്നങ്ങൾ മുതലായ നിരവധി പ്രയാസങ്ങളിലൂടെ കടന്നുപോയി! വിഷാദാവസ്ഥയിലാകാൻ അനേകം കാരണങ്ങളുണ്ടായിരുന്നിട്ടും, അവൻ അവയെ തരണം ചെയ്ത് മുന്നോട്ടുപോയി, 52 ദിവസം കൊണ്ട് യെരുശലേമിന്റെ മതിൽ പണിത് തീർക്കുക മാത്രമല്ല, യിസ്രായേൽ ജനതയെ



മുഴുവൻ കർത്താവിനോടുള്ള ആദ്യ സ്നേഹത്തിലേക്ക് മടക്കി കൊണ്ടുവരികയും ചെയ്തു. ഈ വിഷാദത്തെ വിവേകപൂർവ്വം കൈകാര്യം ചെയ്യുന്നതിനുള്ള പ്രധാന രഹസ്യമായി കർത്താവിനോടുള്ള സ്നേഹം കണക്കാക്കപ്പെടുന്നു. നെഹെമ്യാവ് 8 10 അനുസരിച്ച്, യഹോവയിങ്കലെ സന്തോഷം നിങ്ങളുടെ ബലം ആകുന്നു.

### അതെ വിഷാദരോഗത്തിനുള്ള ഏക പരിഹാരം - "ആത്മസന്തോഷമാണ്"

നിരാശകൾ നേരിടുമ്പോൾ കർത്താവിൽ സന്തോഷിക്കുവിൻ. നിങ്ങളുടെ കാര്യങ്ങൾ തീർച്ചയായും സന്തോഷമായി തീരും.

തകർന്നുപോകുന്ന സമയങ്ങളിൽ എനിക്ക് എങ്ങനെ സന്തോഷിക്കുവാൻ കഴിയുമെന്ന് ചിന്തിക്കുകയാണോ?

അതിന് പരിശുദ്ധാത്മാവിന്റെ കൂട്ടായ്മ ആവശ്യമാണ്. എന്നിരുന്നാലും, വിഷാദാവസ്ഥയുടെ സമയത്താണ് നമ്മിൽ പലരും വചനങ്ങൾ വായിക്കുന്നതും പ്രാർത്ഥിക്കുന്നതും ദൈവവുമായുള്ള ബന്ധത്തെ നാം വിച്ഛേദിക്കുന്നു . ഇതാണ് സാത്താന്റെ തന്ത്രം!

അത്തരം സമയങ്ങളിൽ പരിശുദ്ധാത്മാവിന്റെ സഹായത്തോടെ നമുക്ക് വിഷാദത്തിൽ നിന്ന് പുറത്തുവരാൻ ശ്രമിക്കാം. അല്ലെങ്കിൽ ഭക്ഷണമില്ലാതെ ഒറ്റപ്പെട്ടും വിഷമിച്ചും നശിക്കണമോ എന്ന് തീരുമാനിക്കേണ്ടത് നമ്മളാണ്.

### യൗവനക്കാരെ! എന്താണ് നിങ്ങളുടെ തീരുമാനം?

ഞാൻ നിന്റെ പ്രാർത്ഥന കേട്ടു നിന്റെ കണ്ണുനീർ കണ്ടിരിക്കുന്നു (2 രാജാ. 20:5)

യഹോവയിൽതന്നെ രസിച്ചു കൊൾക അവൻ നിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളെ നിനക്കു തരും. (സങ്കീ. 37:4)

### വിഷാദത്തെ മറികടക്കാൻ ചില ദൈവവചനങ്ങൾ:

നീതിമാന്മാർ നിലവിളിച്ചു; യഹോവ കേട്ടു; സകല കഷ്ടങ്ങളിൽനിന്നും അവരെ വിടുവിച്ചു (സങ്കീ. 34:17)

എന്റെ ഉള്ളം നിന്നോടു പറ്റിയിരിക്കുന്നു; നിന്റെ വലംകൈ എന്നെ താങ്ങുന്നു (സങ്കീ. 63:8)

ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്; എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടു കൂടെ ദൈവത്തോട് അറിയിക്കയത്രെ വേണ്ടതു (ഫിലി. 4:6)

**പ്രിയ യുവജനങ്ങളെ, വിഷാദത്തിന്റെ സമയങ്ങളിൽ നിങ്ങൾക്ക് പ്രാർത്ഥിക്കുവാനോ പ്രാർത്ഥനാ കൂട്ടായ്മയിൽ പങ്കെടുക്കുവാനോ മറ്റുള്ളവരിൽ നിന്ന് പ്രാർത്ഥനാ സഹായം തേടുവാനോ കഴിയാതെ വരുമ്പോൾ ഒറ്റപ്പെട്ടുപോകരുത്. ഓർത്തുകൊൾവിൻ! നിരാശയിൽ നിങ്ങളുടെ ദിവസങ്ങൾ ചെലവഴിക്കുവാൻ കർത്താവ് നിങ്ങളെ തിരഞ്ഞെടുത്തിട്ടില്ല. നിങ്ങൾ പരമോന്നതമായ പദ്ധതിയ്ക്കായി വേർതിരിച്ച ഉണർവിന്റെ പിൻഗാമിയാണെന്ന് മറന്നുപോകരുത്.**


## ലോക ഉണർവ് പ്രാർത്ഥനാ കേന്ദ്രങ്ങൾ!

യേശു വിടുവിക്കുന്നു

ലോക ഉണർവ് പ്രാർത്ഥനാ കേന്ദ്രങ്ങൾ!

| Trivandrum | Kochi | Kottayam |
|---|---|---|
| TC-14/386, Panchapura Jn., Extra Police Road, Palayam, Trivandrum - 695 033. Kerala State. | Chandrasseri House, Madaplathuroth, Moothakunnam - 683 516, Kochi, Kerala State. | 2nd Floor, Aswathy Tower, Thekkumgopuram - 686 001, Kottayam, Kerala State. |
| Office Time 9:30 A.M. - 5:30 P.M. | Office Time 9:30 A.M. - 5:00 P.M. | Office Time 10:00 A.M. - 6:00 P.M. |
| Ph: 92497 18266, 0471-233 1392. | Mob: 94966 53183 | Mob: 94967 44001, 99463 00001. |



ദേശത്തിനു വേണ്ടി പ്രാർത്ഥിക്കുവാൻ വരുവിൻ... കർത്താവ് നിങ്ങളുടെ ഭാരങ്ങൾ മാറ്റും!

തിരുവനന്തപുരം, കൊച്ചി, കോട്ടയം ശാഖാ കാര്യാലയത്തിൽ മാസത്തിന്റെ ആദ്യത്തെ ചൊവ്വാഴ്ച തിറപ്പിൻ വാസൽ ഉപവാസ പ്രാർത്ഥനയും, മറ്റുള്ള ചൊവ്വാഴ്ചകളിൽ ഉപവാസ പ്രാർത്ഥനയും ഉണ്ടായിരിക്കും. ദൈവമക്കൾ കടന്നുവന്നു വിടുതൽ പ്രാപിക്കുവിൻ.

# വീരനായ തിമൊഥെയൊസ്





**Hello friends**, വീരനായ തിമൊഥെയൊസ് എന്ന പംക്തിയിലൂടെ നിങ്ങളെ വീണ്ടും കണ്ടുമുട്ടിയതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്! ഈ പരമ്പര നിങ്ങൾക്ക് വളരെ ഉപകാരപ്രദമാണെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഈ പരമ്പരയിൽ ഇതുവരെ തിമൊഥെയൊസിന്റെ കുട്ടിക്കാലം, അവന്റെ ശുശ്രൂഷാ വിളി, യൗവനക്കാരനായ തിമൊഥെയൊസ് തന്റെ ശുശ്രൂഷയിൽ നേരിട്ട സാഹചര്യങ്ങൾ തുടങ്ങി നിരവധി കാര്യങ്ങൾ നാം കണ്ടു. തിമൊഥെയൊസും സംഘവും പൗലൊസിനൊപ്പം സുവിശേഷം പ്രസംഗിച്ചപ്പോൾ നേരിട്ട പ്രശ്നങ്ങളും, എതിർപ്പുകളും അതിജീവിക്കാനുള്ള മനോധൈര്യത്തെയും ഉറച്ച വിശ്വാസത്തെയും തിമൊഥെയൊസിന് നൽകിയതായി കഴിഞ്ഞ മാസം നാം കണ്ടുവല്ലോ.

നമുക്ക് ഓരോരുത്തർക്കും ഓരോ ഉത്തരവാദിത്തങ്ങളും ചുമതലകളും ഉണ്ട്. അത് നാം നിർവഹിക്കേണ്ടതുണ്ട്. അവ കൃത്യമായി, കൃത്യസമയത്ത് , യോഗ്യമായി, വൃത്തിയായി ചെയ്യുന്നുവോ?

എന്താ പെട്ടെന്ന് ഉത്തരവാദിത്തത്തെക്കുറിച്ച് പറയുന്നത് എന്ന് ചിന്തിക്കുന്നുവോ? നാം ഈ മാസം തിമൊഥെയൊസിന് നൽകപ്പെട്ട ആദ്യ ചുമതലയെക്കുറിച്ച് നോക്കുവാൻ പോകുന്നു. വരുവിൻ നമുക്ക് പരമ്പരയിലേക്ക് പോകാം.

## തിമൊഥെയൊസിന് നൽകപ്പെട്ട ആദ്യ ചുമതല

യഹൂദർ ഉണ്ടാക്കിയ കലഹം നിമിത്തം പൗലൊസിനും മറ്റുള്ളവർക്കും ഒറ്റരാത്രികൊണ്ട് തെസ്സലൊനീക്യ പട്ടണത്തിലേക്ക് പോകേണ്ടിവന്നു. കൂടാതെ തെസ്സലൊനീക്യയിലെ യഹൂദന്മാരും ബെരോവയിൽ വന്ന് കലാപത്തിന് പ്രേരിപ്പിച്ചു. അങ്ങനെ തെസ്സലൊനീക്യ പട്ടണത്തിലെ വിശ്വാസികളുടെ അവസ്ഥ എങ്ങനെ ഇരിക്കുന്നു എന്ന് അറിയുവാൻ അപ്പൊസ്തലനായ പൗലൊസിന് താൽപര്യമുണ്ടായി. ആ ദൗത്യത്തിനായി അവൻ തിരഞ്ഞെടുത്തത് ശീലാസിനെയല്ല, മറിച്ച് ഏറ്റവും പ്രായം കുറഞ്ഞ തിമൊഥെയൊസിനെയാണ്. തിമൊഥെയൊസിനെ കലഹക്കാരുടെ അടുത്തേക്ക് അയയ്ക്കാനുള്ള വിശ്വാസം പൗലൊസിനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ വിശ്വാസം നഷ്ടപ്പെട്ടുപോകാതെ കർത്താവിന്റെ



സഹായത്തോടെ തിമൊഥെയൊസ് തന്നെ ഏൽപ്പിച്ച ദൗത്യം പൂർത്തിയാക്കി. തിമൊഥെയൊസിനെ ഏൽപ്പിച്ച ആദ്യത്തെ ദൗത്യം തെസ്സലൊനീക്യ നഗരത്തിൽ പോയി അവരെ വിശ്വാസത്തിൽ ശക്തിപ്പെടുത്തുകയും ഈ കഷ്ടതകളിൽ തളരാതിരിക്കാൻ അവരെ പ്രബോധിപ്പിക്കുകയും ചെയ്യുക എന്നതായിരുന്നു. ( ഈ കഷ്ടങ്ങളിൽ ആരും കുലുങ്ങിപ്പോകാതിരിക്കേണ്ടതിനു നിങ്ങളെ സ്ഥിരപ്പെടുത്തുവാനും നിങ്ങളുടെ വിശ്വാസം സംബന്ധിച്ചു നിങ്ങളെ സ്ഥിരപ്പെടുത്തുവാനും നിങ്ങളുടെ വിശ്വാസം സംബന്ധിച്ചു നിങ്ങളെ പ്രബോധിപ്പിപ്പാനുമായിട്ടു നിങ്ങളുടെ സഹോദരനും ക്രിസ്തുവിന്റെ സുവിശേഷഘോഷണത്തിൽ ദൈവത്തിന്റെ ശുശ്രൂഷകനുമായ തിമൊഥെയൊസിനെ അയച്ചു. (1 തെസ്സ. 3:2).

ആദ്യമായി ശുശ്രൂഷയ്ക്ക് പോകുന്ന ഒരു യൗവനക്കാരന് അത് ഒരു വലിയ ചുമതല തന്നെയല്ലേ? അത് അവന്റെ പ്രായത്തേക്കാൾ ഉയർന്ന കാര്യങ്ങളായിരുന്നിരിക്കും. അവൻ സന്ദർശിച്ച സഭയിൽ തന്നെക്കാൾ പ്രായമുള്ളവർ ഉണ്ടായിരിക്കാം. അവർ കേൾക്കുമോ? അല്ലെങ്കിൽ തങ്ങളെക്കാൾ പ്രായം കുറഞ്ഞവൻ എന്നു പറഞ്ഞ് തന്നെ തടയുമോ? എന്നൊന്നും ചിന്തിക്കാതെ തന്റെ ദൗത്യം പൂർത്തിയാക്കാൻ തിമൊഥെയൊസ് തിടുക്കം കൂട്ടി.

അവൻ തെസ്സലൊനീക്യ പട്ടണത്തിൽ പോയി സഭയെ വിശ്വാസത്തിൽ ശക്തിപ്പെടുത്തി. ആ സഭയുടെ വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും സന്തോഷവാർത്തയുമായാണ് അദ്ദേഹം കൊരിന്തിൽ എത്തിയത്. ഈ വാർത്ത അപ്പൊസ്തലനായ പൗലൊസിനെ ആവേശഭരിതനാക്കി. ഈ സുവാർത്തയ്ക്ക് മറുപടിയായി പൗലൊസ് കൊരിന്തിൽ നിന്ന് തെസ്സലൊനീക്യയിലേക്കുള്ള സഭയ്ക്ക് തന്റെ ആദ്യ കത്തെഴുതി. തെസ്സലൊനീക്യർക്ക് ഈ കത്ത് എഴുതുന്നത് താൻ മാത്രമാണെന്ന് പറയുന്നതിന് പകരം പൗലൊസ് തിമൊഥെയൊസിന്റെയും ശീലാസിന്റെയും പേരുകൾ ചേർക്കുകയും (1 തെസ്സ. 1:1) അവർക്കും പ്രാധാന്യം നൽകുകയും ചെയ്തു. ഈ മൂന്നുപേരുടെയും പേരിലാണ് അപ്പൊസ്തലനായ പൗലൊസ് താൻ കൊരിന്തിൽ താമസിക്കുന്ന കാലത്ത് തെസ്സലൊനീക്യയിലെ സഭയിലേക്ക് തന്റെ രണ്ടാമത്തെ ലേഖനം അയച്ചത് (2 തെസ്സ. 1:1).

ഒരു 20 വയസ്സുകാരൻ അത്തരമൊരു വലിയ ഉത്തരവാദിത്തം സ്വയം ഏറ്റെടുക്കുന്നതിനെക്കുറിച്ച് ചിന്തിക്കുവിൻ, അത് ഉജ്ജ്വലമായും അചഞ്ചലമായും നിറവേറ്റുന്നു.



അതിന്റെ ഫലം നമുക്ക് കാണാം. എന്തുകൊണ്ടെന്നാൽ തിമൊഥെയൊസ് തനിക്കു ലഭിച്ച ഈ ആദ്യ ദൗത്യം നന്നായി ചെയ്തതിനാൽ അദ്ദേഹത്തിന് അതിലും

വലിയ ചുമതലകൾ നൽകേണ്ടതല്ലേ? അവൻ ശരിയായി ചെയ്തതു നിമിത്തം പൗലൊസിന് മാത്രമല്ല, കർത്താവായ യേശുക്രിസ്തുവിനും അവനിലുള്ള വിശ്വാസം വർധിച്ചിരിക്കുമല്ലേ?

സാധാരണയായി യുവാക്കൾക്കാണ് ചുമതലകൾ നൽകുന്നത്. എന്തുകൊണ്ടെന്നാൽ,അവർ ധൈര്യശാലികളാണ്, ഏത് ജോലിയും ഉത്സാഹത്തോടെ പൂർത്തിയാക്കുമെന്നതിനാൽ എന്തും വിശ്വസിച്ച് ഏൽപ്പിക്കുന്നു. ഏൽപ്പിച്ച ഉത്തരവാദിത്തങ്ങൾ കൃത്യമായി നിർവഹിക്കുന്നയാൾക്ക് കൂടുതൽ ഉത്തരവാദിത്തങ്ങളും അതിനനുസരിച്ചുള്ള സ്ഥാനക്കയറ്റവും ലഭിക്കും. ആളുകൾക്ക് ആ വ്യക്തിയിൽ കൂടുതൽ വിശ്വാസമുണ്ടാകും. ആ വിശ്വാസം നിമിത്തം അവർ ജീവിതത്തിൽ പല ഉയർച്ചകൾ പ്രാപിക്കും. വിശ്വസ്ത പുരുഷൻ അനുഗ്രഹ സമ്പൂർണൻ എന്ന് തിരുവെഴുത്തുകൾ പറയുന്നു.

മകനേ(ളേ), നമുക്കും പഠിക്കുന്ന സ്ഥലത്ത് ഒരു വിദ്യാർത്ഥി, ജോലി ചെയ്യുന്ന സ്ഥലത്ത് ഒരു തൊഴിലാളി, സഭയിൽ ഒരു വിശ്വാസി, രാജ്യത്തിൽ ഒരു പൗരൻ എന്നിങ്ങനെ ധാരാളം ഉത്തരവാദിത്തങ്ങളുണ്ട്. നാം അത് ശരിയായി ചെയ്യുന്നുണ്ടോ? അതൊക്കെ നിറവേറ്റാൻ നാം ശ്രമിക്കുന്നുണ്ടോ? ഇല്ലെങ്കിൽ നാം അവയെല്ലാം തടസ്സപ്പെടുത്തുകയാണോ? ചിന്തിച്ച് നോക്കൂ. കർത്താവിനോട് നാം അനുഗ്രഹങ്ങളും സ്ഥാനക്കയറ്റവും ചോദിക്കുന്നു. നമുക്ക് ഏൽപ്പിക്കപ്പെട്ട ഉത്തരവാദിത്തങ്ങളിൽ നാം എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് തിരിഞ്ഞുനോക്കുവാൻ മറന്നുപോകുന്നു. ചിലപ്പോഴൊക്കെ നമുക്ക് നൽകപ്പെടുന്ന ഉത്തരവാദിത്തങ്ങൾ നാം നിറവേറ്റാതിരിക്കുന്നതാണ് നമ്മുടെ പരാജയങ്ങൾക്ക് കാരണം. അങ്ങനെയെങ്കിൽ നമ്മെ സ്വയം പരിശോധിച്ച്, കർത്താവിന്റെ സഹായത്തോടെ അതൊക്കെയും തിരുത്താം. വിജയം നിശ്ചയം!

**- വീരയുഗം തുടരും ....**

# NISUIN BERIYTH

## (വിവാഹ ഉടമ്പടി)

ഭാഗം - 5

ഒരു മനുഷ്യന്റെ ആയുസ്സ് എഴുപത് സംവത്സരം, ഏറെ ആയാൽ എൺപതു സംവത്സരം (സങ്കീ. 90:10). ഇതിനെ വിവാഹത്തിന് മുമ്പ് , വിവാഹത്തിന് ശേഷം എന്നിങ്ങനെ വേർതിരിച്ചാൽ വിവാഹത്തിന് മുമ്പുള്ള ദിവസങ്ങളായിരിക്കും കുറവ്. ഉദാഹരണമായി, ഒരു പുരുഷൻ 25 -ാം വയസ്സിൽ വിവാഹം കഴിക്കുകയും 75 വയസ്സുവരെ ജീവിക്കുകയും ചെയ്യുന്നുവെങ്കിൽ, വിവാഹശേഷം ഏകദേശം രണ്ട് മടങ്ങ് കാലങ്ങൾ വരും. അതുകൊണ്ട് ദാമ്പത്യജീവിതം എല്ലാവർക്കും സന്തോഷകരവും സമാധാനപരവും വിശ്രമവും ആയിരിക്കണമെന്ന് കർത്താവ് ആഗ്രഹിക്കുന്നു. ഇതിനുവേണ്ടി ഓരോ യൗവനക്കാരനും, യൗവന സഹോദരിമാരും കർത്താവിനോട് സഹകരണം കാട്ടണം. എന്നാൽ അവർ ദൈവഹിതപ്രകാരം ഞാൻ ഒരു ജീവിതപങ്കാളിയെ തിരഞ്ഞെടുക്കും, കർത്താവിന്റെ സമയം വരുന്നതുവരെ കാത്തിരിക്കും എന്ന് ഒരു മകനോ, മകളോ തീരുമാനിക്കുമ്പോൾ ശത്രുക്കൾ പല തടസ്സങ്ങൾ കൊണ്ടുവരും. ഇത്തരം ഇടർച്ചകളെക്കുറിച്ചും അവയെ തരണം ചെയ്യാൻ വിശുദ്ധ വേദപുസ്തകം നൽകുന്ന ആലോചനകളെക്കുറിച്ചും ഈ മാസം കാണാം.

### പാപം

ക്രിസ്തുവിനെ അറിയുന്നതിന് മുമ്പോ ശേഷമോ, തങ്ങളുടെ കുട്ടിക്കാലത്തിൽ സ്നേഹിതർക്ക് പ്രാധാന്യം നൽകി, അവരെ പ്രീതിപ്പെടുത്താൻ ധൈര്യത്തോടെ ഒരു കായിക വിനോദമെന്ന നിലയിൽ ചില പാപങ്ങളിൽ അടിമപ്പെട്ടിരിക്കാം. ആ പാപം നിങ്ങളിൽ കുറ്റബോധം ഉണ്ടാക്കും. അല്ലാത്തപക്ഷം ആ പാപത്തെക്കുറിച്ച് അറിയുന്ന ആൾ, നിങ്ങൾ ദാമ്പത്യജീവിതത്തിന് യോഗ്യതയുള്ളവരല്ലെന്ന് നിങ്ങളെ കുറ്റപ്പെടുത്തും.



മനോവേദന ഉണ്ടാക്കാം. നിങ്ങളും ഇപ്പോൾ എന്ത് ചെയ്യാനാകുമെന്ന് ചിന്തിച്ചേക്കാം. നിരാശപ്പെട്ട് തളർന്നുപോകരുത്. ഒരു കാര്യം നന്നായി അറിയുവിൻ, നമ്മുടെ കർത്താവ് സ്നേഹമുള്ളവനാണ് കർത്താവ് പാപത്തെയാണ് വെറുക്കുന്നത് പാപിയെ അല്ല. പാപികളെ രക്ഷിക്കാനാണ് യേശുക്രിസ്തു ലോകത്തിലേക്ക വന്നത് (1തിമൊ. 1:15). തന്റെ ലംഘനങ്ങളെ മറയ്ക്കുന്നവനു ശുഭം വരികയില്ല; അവയെ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുന്നവനോ കരുണ ലഭിക്കും (സദൃ. 28:13). ഉദാഹരണമായി, കോളേജ് നാളുകളിൽ ഒരു യൗവനക്കാരൻ

തമാശയ്ക്ക്, സ്നേഹിതരോടൊപ്പം പുകവലിക്കാൻ പഠിച്ചിരിക്കാം. ദാമ്പത്യ ജീവിതത്തിന് തയാറെടുക്കുമ്പോൾ, അത് പാപമാണെന്ന് നിങ്ങൾ തിരിച്ചറിയുന്നുവെങ്കിൽ, ദൈവസന്നിധിയിൽ ഇരുന്ന്, നിങ്ങളുടെ പാപം എന്താണെങ്കിലും കർത്താവിനോട് ഏറ്റുപറഞ്ഞ് ക്ഷമ ചോദിക്കുക. തന്നെ ക്രൂശിച്ചവർ തങ്ങളുടെ തെറ്റ് മനസ്സിലാക്കുന്നതിന് മുമ്പ്, 'പിതാവേ അവരോട് ക്ഷമിക്കേണമേ' എന്ന് അവർക്കുവേണ്ടി ക്ഷമ ചോദിച്ച യേശുക്രിസ്തു, നിങ്ങൾ നിങ്ങളുടെ തെറ്റ് മനസ്സിലാക്കി ഏറ്റുപറയുമ്പോൾ, നിങ്ങളോട് ക്ഷമിക്കില്ലേ. ദൈവ സാന്നിധ്യവും, ദൈവ സമാധാനവും നിങ്ങളുടെ ഹൃദയത്തിൽ വരുന്നതുവരെ പോരാടണം. പിന്നെ എന്താണ്? നിങ്ങൾക്ക് ലഭിക്കേണ്ട അനുഗ്രഹം ആർക്കും തടയുവാൻ കഴിയില്ല.

## മാതാപിതാക്കൾ



നിങ്ങൾക്ക് രക്ഷിക്കപ്പെട്ട ഒരാളെ ജീവിതപങ്കാളിയായി ലഭിക്കുമ്പോൾ, രക്ഷിക്കപ്പെടാത്ത, കർത്താവിനെ അറിയാത്ത മാതാപിതാക്കൾ ചിലപ്പോൾ എതിർക്കും. എങ്കിലും നിങ്ങളുടെ ഭാരം കർത്താവിൽ സമർപ്പിക്കുക. അടയ്ക്കപ്പെട്ട വാതിലുകൾ കർത്താവിനാൽ മാത്രമേ തുറക്കുവാൻ കഴിയൂ. ഒരിക്കൽ യേശുവിനെ അറിയാത്ത കുടുംബത്തിൽ ജനിച്ച ഒരു ബിസിനസ്സുകാരന്റെ മകൾ കോളേജ് പഠനകാലത്ത് സ്നേഹിതരിലൂടെ രക്ഷകനായ യേശുവിനെ അറിഞ്ഞു. കോളേജ് ഹോസ്റ്റലിൽ പഠിക്കുന്നത് വരെ ഒരു പ്രശ്നവും ഉണ്ടായിരുന്നില്ല. എന്നാൽ കോളേജ് പഠനം കഴിഞ്ഞ് വീട്ടിലേക്ക് മടങ്ങിയെത്തിയപ്പോൾ ഒരു അപ്രതീക്ഷിത വാർത്ത അവളെ കാത്തിരുന്നു. തന്റെ പിതാവ് യേശുവിനെ അറിയാത്ത മറ്റൊരു ബിസിനസ്സുകാരന്റെ മകനുമായി തന്റെ വിവാഹം നിശ്ചയിച്ചതായി അവൾ മനസ്സിലാക്കി. അവൾക്ക് സഹിക്കുവാൻ കഴിഞ്ഞില്ല. യേശുവിനെ സ്തുതിക്കാതെ, പ്രാർത്ഥിക്കാതെ, വചനം വായിക്കാതെ ഒരു ദിവസം പോലും തനിക്ക് ജീവിക്കുവാൻ കഴിയില്ല, എന്ത് ചെയ്യണമെന്നറിയാതെ സ്തംഭിച്ചുപോയി. വിശുദ്ധ വേദപുസ്തകത്തിൽ എട്ട് സ്ഥലങ്ങളിൽ (പുറ. 20:12; ആവർ. 5:16; മത്തായി 15:4, 19:19, മർക്കൊസ് 7:10; മർക്കൊസ് 10:19; ലൂക്കോസ് 18:20; എഫെസൊസ് 6:3) നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്കുക എന്ന് എഴുതിയിരിക്കുന്നതിനാൽ മാതാപിതാക്കളെ എതിർത്ത് സംസാരിക്കുവാനും, അവരുടെ ആഗ്രഹത്തിന് വിരുദ്ധമായി പ്രവർത്തിക്കുവാനും മനസ്സ് ആഗ്രഹിക്കുന്നില്ല. തന്റെ പ്രശ്നം ആരോടും പറഞ്ഞില്ല. തനിച്ചിരിക്കുമ്പോഴെല്ലാം അവൾ ഉപവസിക്കുകയും യേശുവിനോട് പ്രാർത്ഥിക്കുകയും ചെയ്തു. പല രാത്രികളിലും ഉറങ്ങാതെ പ്രാർത്ഥിച്ചു. അവസാനം ലോകത്തിന് നൽകുവാൻ കഴിയാത്ത ദൈവീക സമാധാനം തന്റെ പ്രിയ പുത്രിയുടെ ഹൃദയത്തിൽ നിറച്ച്, ദൈവത്തെ സ്നേഹിക്കുന്നവർക്ക് സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു എന്ന വചനം നൽകി കർത്താവ് അവളെ ബലപ്പെടുത്തി. പിന്നെ ആ മകൾ ഭാരപ്പെട്ടില്ല, വിവാഹത്തിന് എതിർത്തതുമില്ല. വിവാഹം നന്നായി നടന്നു. താൻ യേശുവിനെ വളരെയധികം ഭയത്തോടും വിറയലോടും സ്നേഹിക്കുന്നുവെന്ന് അവൾ ഭർത്താവിനോട് പറഞ്ഞപ്പോൾ, താനും ഒരു രഹസ്യ ക്രൈസ്തവനാണെന്ന് അവനും അവളോട് പറഞ്ഞു. തനിക്ക് ഒരു പ്രാർത്ഥിക്കുന്ന ഭാര്യയെ ലഭിക്കുവാൻ വളരെ നാളുകളായി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. വാക്കുകളാൽ വർണ്ണിക്കുവാൻ കഴിയാത്ത അളവിൽ രണ്ടുപേരും സന്തോഷിച്ചു. അസാധ്യമായത് പ്രാർത്ഥനയിലൂടെ നേടിയെടുക്കാം എന്ന് ഈ പ്രിയ മകൾ തെളിയിച്ചു അല്ലേ!

**പ്രിയപ്പെട്ട മക്കളേ, പണത്തിനും, സ്ഥാനമാനങ്ങൾക്കും അത്യാഗ്രഹികളായ അല്ലെങ്കിൽ മദ്യപാനം പോലുള്ള എന്തെങ്കിലും പാപകരമായ ശീലങ്ങൾക്ക് അടിമകളായ ചില മാതാപിതാക്കൾ ഒഴികെ, മറ്റുള്ളവരെല്ലാം അവരുടെ കുഞ്ഞുങ്ങളുടെ നന്മയ്ക്കായി പരിശ്രമിക്കുന്നു. അതുകൊണ്ട് മാതാപിതാക്കളുടെ സമ്മതവും അനുഗ്രഹവും ദാമ്പത്യജീവിത്തിൽ വളരെ പ്രധാനമാണെന്ന് മറക്കരുത്.**

ദൈവഹിതത്തിന് വിരോധമായി വരുന്ന മറ്റ് തടസ്സങ്ങൾക്കൊപ്പം Nisuin Beriyth തുടരും




പിതൃ ദിനത്തിൽ പിതാവിന് ഇഷ്ടമുള്ള സമ്മാനങ്ങൾ വാങ്ങികൊടുക്ക, അദ്ദേഹത്തിന് പ്രിയപ്പെട്ട സ്ഥലങ്ങളിൽ കൊണ്ടുപോകുക അങ്ങനെ പലതും നാം ചെയ്യാറുണ്ട്. ഈ പിതൃദിനത്തിൽ നിങ്ങളുടെ പിതാവിനെ സന്തോഷിപ്പിക്കുവാനുള്ള ചില ആശയങ്ങൾ ഇതാ. ഈ പിതൃദിനത്തിൽ നിങ്ങളുടെ പിതാവിനെ എങ്ങനെയൊക്കെ സന്തോഷിപ്പിക്കാം എന്നു നോക്കാം.

### ഭക്ഷണം സമ്മാനിക്കാം:

നിങ്ങൾ ഇഷ്ടപ്പെടുന്ന ഒരാൾക്ക് സമ്മാനങ്ങൾ തന്നെ വാങ്ങി കൊടുക്കണമെന്നില്ല. നിങ്ങളുടെ പിതാവിന് ഇഷ്ടമുള്ള ലഘുഭക്ഷണങ്ങളും , വിരുന്നും, കൂടാതെ ഭക്ഷണം പാകം ചെയ്ത് കൊടുക്കുകയുമാകാം. അദ്ദേഹത്തോട് ചേർന്ന് ഭക്ഷണം കഴിക്കുമ്പോൾ നിങ്ങൾക്കും വളരെ സന്തോഷമായിരിക്കും.

### നിങ്ങൾക്ക് ജോലികൾ ചെയ്യാം:

എല്ലാ ദിവസവും നിങ്ങളുടെ പിതാവ് കഠിനമായി ജോലി ചെയ്യുന്നു, അദ്ദേഹത്തോട് ചേർന്ന് ചില ജോലികൾ ചെയ്യുമ്പോൾ അദ്ദേഹത്തിന് വിശ്രമം ലഭിക്കും. അദ്ദേഹം വിശ്രമിക്കുമ്പോൾ ഇരുവരും ഒരുമിച്ച് മനസ്സുതുറന്ന് സംസാരിച്ച് സന്തോഷിക്കാം. ഇത് അദ്ദേഹത്തിന് വളരെ സന്തോഷവും ഉത്സാഹവും നൽകും.

### ആഗ്രഹിക്കുന്നത് ചെയ്തുകൊടുക്കാം:

എല്ലാ ദിവസവും പിതാവ് തന്റെ മക്കൾക്ക് വേണ്ടി പലതും ചെയ്യുന്നു. എന്നാൽ, നിങ്ങൾ അദ്ദേഹത്തിന് എന്ത് ചെയ്തുകൊടുക്കുന്നു? ഈ പിതൃദിനത്തിലെങ്കിലും അദ്ദേഹം ആഗ്രഹിക്കുന്ന കാര്യങ്ങൾ നിങ്ങൾക്ക് ചെയ്തുകൊടുക്കാം.

### സമയം ചെലവഴിക്കാം:

ഇത് അദ്ദേഹത്തിന് വളരെ സന്തോഷം നൽകും. സമ്മാനങ്ങൾ നൽകി അത്ഭുതപ്പെടുത്തുന്നതും, വീട്ടിൽ സ്പാ സജ്ജീകരിച്ച്, വിശ്രമിക്കുവാൻ സമയം നൽകുന്നത്, അദ്ദേഹത്തിന്റെ ഉന്മേഷത്തിനായി പാനീയങ്ങൾ ഉണ്ടാക്കി കൊടുക്കുന്നത് പോലുള്ള പല കാര്യങ്ങൾ ചെയ്തുകൊടുത്ത് അദ്ദേഹത്തോടൊപ്പം സമയം ചെലവഴിക്കുവിൻ.

### അപ്രതീക്ഷിത യാത്ര പോകാം:

അദ്ദേഹത്തിന് ഇഷ്ടപ്പെട്ട സ്ഥലങ്ങളിലേക്ക് ഒരു യാത്ര നടത്താം. അദ്ദേഹത്തെ കടൽത്തീരത്തേക്ക് കൊണ്ടുപോകാം. അദ്ദേഹത്തിന് പ്രിയപ്പെട്ട കാഴ്ചകൾ കാണാൻ കൊണ്ടുപോകാം. ഈ സന്തോഷ നിമിഷങ്ങൾ നിങ്ങളുടെ ക്യാമറയിൽ പകർത്താൻ മറക്കരുത്.

### സമ്മാനങ്ങൾ:

നിങ്ങളുടെ പിതാവിന് ഇഷ്ടമുള്ള നിറത്തിലെ ഒരു നല്ല ഷർട്ടോ, ടീ-ഷർട്ടോ സമ്മാനിക്കാം. നിങ്ങളുടെ പിതാവിന്റെ ചിത്രം അച്ചടിച്ച ഒരു പേഴ്സ് അദ്ദേഹത്തിന് നൽകാം.

### ഗ്രീറ്റിംഗ് കാർഡ്:

ഈ പിതൃ ദിനത്തിൽ നിങ്ങളുടെ പിതാവിനെ നിങ്ങൾ എത്രമാത്രം സ്നേഹിക്കുന്നുവെന്ന് കാട്ടുന്ന ഒരു ഗ്രീറ്റിംഗ് കാർഡ് സമ്മാനിക്കാം. അത് ജീവിതകാലം മുഴുവനും മറക്കാത്ത ഒരു സമ്മാനമായിരിക്കും.

